LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

2011 ഫെബ്രുവരി 14, തിങ്കൾ

നിയമസഭ 2011 ഫെബ്രുവരി മാസം 14-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ.....ഓർഡർ..... ചോദ്യം നമ്പർ *91.....

കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം

1(*91) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. വി. എൻ. വാസവൻ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതു സംബന്ധിച്ച് ലിഡാ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ എന്തെല്ലാമാണ് ;

(ബി) കെ.ഇ.ആർ. പരിഷ്ക്കരണം സംബന്ധിച്ച സി.പി.നായർ കമ്മിറ്റി റിപ്പോർട്ടും ലിഡാ കമ്മീഷൻ റിപ്പോർട്ടും സംയോജിപ്പിച്ച് സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നതിനായി വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട എല്ലാവരുമായി ചർച്ച നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സർ,

(എ) ലിഡാ ജേക്കബ് കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. പ്രധാന ശിപാർശകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി&സി) ഉണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീമതി പി. വനജ കൺവീനറായും, ശ്രീ. എൻ. ത്യാഗരാജൻ, ശ്രീ. ജോൺ ബ്രിട്ടോ, ശ്രീ. കെ. ടി. ജോർജ്ജ്, ശ്രീ. ജെ. ശശി, ശ്രീ. എൻ. ശ്രീകുമാർ, ശ്രീ. സി. ഉസ്മാൻ എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ഡി) വിവിധ തലങ്ങളിൽ ഇതിനോടകം ചർച്ച നടത്തിയിട്ടുണ്ട്.

ശ്രീ. വി. എൻ. വാസവൻ: സർ, ശ്രീമതി ലിഡാ ജേക്കബ് കമ്മീഷന്റെ ശിപാർശയിൽ പ്രീ പ്രൈമറിയും അതുപോലെതന്നെ അംഗൻ വാടിയും സംയോജിപ്പിക്കുന്നത് സംബന്ധിച്ച ശിപാർശയുള്ളതായി പറയുന്നു. അത് നടപ്പിലാക്കാൻ ഉദ്ദേശ്യമുണ്ടോ ?

ശ്രീ. എം. എ. ബേബി: സർ, ശ്രീമതി ലിഡാ ജേക്കബ് സമർപ്പിച്ച നിർദ്ദേശങ്ങൾ നമ്മൾ പല തരത്തിൽ ചർച്ച ചെയ്തിട്ടുള്ളതാണ്. പ്രീ പ്രൈമറിയും പ്രീ സ്കൂളും എന്ന രണ്ട് ആശയങ്ങൾ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിലുണ്ട്. അപ്പോൾ പ്രീ പ്രൈമറി എന്നുള്ളത് ഒരു വർഷമാണ്. പ്രീ സ്കൂൾ എന്നുപറയുന്നത് അതിനുമുമ്പുള്ള ഒരു വർഷമാണ്. ഇത് കേരളത്തിലെ സാഹചര്യത്തിൽ എങ്ങനെ നടപ്പാക്കണമെന്നുള്ളത് നമ്മൾ പരിശോധിക്കുന്നുണ്ട്.

ശ്രീ. വി. എൻ. വാസവൻ: സർ, സി. പി. നായർ കമ്മീഷൻ റിപ്പോർട്ടിലെ കെ.ഇ.ആർ. പരിഷ്ക്കരണവുമായി ബന്ധപ്പെട്ട ശിപാർശകളിലെ പ്രധാനപ്പെട്ട വിഷയങ്ങൾ വിശദീകരിക്കാമോ ?

ശ്രീ. എം. എ. ബേബി: സർ, അത് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

ശ്രീമതി കെ. എസ്. സലീഖ: സർ, നിലവിൽ അൺഎയ്ഡഡ് സ്കൂളിലെ അവശ ജനവിഭാഗങ്ങളിൽപ്പെട്ട കുട്ടികളുടെ ഫീസ് സംസ്ഥാന സർക്കാരുകൾ നൽകണമെന്ന ശുപാർശയിൽ നമ്മുടെ ഗവൺമെന്റിന്റെ നിലപാടെന്താണെന്ന് വ്യക്തമാക്കാമോ ? സർക്കാരിന് യാതൊരു നിയന്ത്രണവുമില്ലാത്ത സ്കൂളുകളാണ് ഇത്തരത്തിൽ പ്രവർത്തിക്കുന്നത്. പ്രസ്തുത ശിപാർശ നടപ്പിലാക്കിയാൽ സംസ്ഥാനത്ത് വ്യാപകമായി അൺഎയ്ഡഡ് സ്കൂളുകൾ നിലവിൽ വരും. ഇത് സർക്കാർ നിയന്ത്രണത്തിലുള്ള സ്കൂളുകളെ എങ്ങനെയാണ് ബാധിക്കുക എന്നത് വിശദീകരിക്കാമോ ?

ശ്രീ. എം. എ. ബേബി: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യം വളരെ പ്രധാനപ്പെട്ടതാണ്. അതിൽ മൂന്ന് ഘടകങ്ങളുണ്ട്. ഒന്നാമത്തേത് ഇന്ന് അംഗീകാരമില്ലാതെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അൺഎയ്ഡഡ് സ്കൂളുകളുണ്ട്. അവയുടെ അവസ്ഥ എന്താണെന്നതിനെ സംബന്ധിച്ച് ഒരു തീരുമാനം

* അനുബന്ധം

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എടുക്കേണ്ടി വരും. അത് കേരളത്തിന്റെ പൊതു വിദ്യാഭ്യാസത്തെ എങ്ങനെ ബാധിക്കും എന്നത് ഒരു വിഷയമാണ്. രണ്ടാമത്തേത് അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന അൺഎയ്ഡഡ് സ്കൂളുകളിലാണ് സാമൂഹികമായും മറ്റും പിന്നോക്കം നിൽക്കുന്ന വിഭാഗത്തിൽപ്പെട്ടവർക്ക് 25% പ്രവേശനം കൊടുക്കണമെന്നുള്ള നിർദ്ദേശം വിദ്യാഭ്യാസ അവകാശ നിയമത്തിലുള്ളത്. അതിൽ കേരളത്തിന്റെ സാഹചര്യത്തിൽ നമുക്ക് പ്രയാസമുണ്ടാക്കുന്ന ഒരു വശമുണ്ട്. അതെന്താണെന്ന് നമുക്കെല്ലാവർക്കും അറിയാം. ഇപ്പോൾതന്നെ ആവശ്യത്തിന് ഗവൺമെന്റ് സ്കൂളുകളും എയ്ഡഡ് സ്കൂളുകളും, ഗവൺമെന്റ് ശമ്പളം കൊടുത്ത് പ്രവർത്തിക്കുന്ന എയ്ഡഡ് സ്കൂളുകളും കേരളത്തിലുണ്ട്. അവിടെ കുട്ടികളുടെ എണ്ണം കുറയ്ക്കുന്നതുപോലെയുള്ള പ്രശ്നങ്ങൾ കേരളത്തിൽ നിലനിൽക്കുന്നുണ്ട്. അത്തരം ഒരു സാഹചര്യത്തിൽ അൺഎയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസ് പ്രവേശനത്തിന് സാമൂഹികമായി പിന്നോക്കം നിൽക്കുന്ന പശ്ചാത്തലത്തിലുള്ള ചില കുട്ടികളെ പ്രവേശിപ്പിക്കുമ്പോൾ ഗവൺമെന്റ് സ്കൂളിലും എയ്ഡഡ് സ്കൂളുകളിലും ഒന്നാം ക്ലാസിൽ വന്ന് ചേരേണ്ട കുട്ടികളുടെ 25 ശതമാനമാണ് അൺഎയ്ഡഡ് സ്കൂളുകളിലേക്ക് പോകുന്നത്. അപ്പോൾ സംരക്ഷിത അധ്യാപകരുടെ പ്രശ്നം കൂടുതൽ രൂക്ഷമാകും എന്നുള്ള വലിയൊരു ഭീഷണി കേരളത്തെപ്പോലുള്ള ഒരു സംസ്ഥാനത്തിലുണ്ട്. അതേസമയം ഇതിന്റെ മറുവശം നമ്മൾ കാണാതിരുന്നുകൂടാ. ഇതിനൊരു അനുകൂല വശവുമുണ്ട്. കേന്ദ്ര നിയമത്തിന്റെ ഒരു അനുകൂല വശം പറയുമ്പോൾ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അത് വളരെ സന്തോഷമുണ്ടാക്കുമെന്ന് ഞാൻ വിചാരിക്കുകയാണ്. അത് തങ്ങളുടെതായ തുരുത്തുകളായി, സമ്പന്നരുടെയും ആഭിജാതരായി കരുതപ്പെടുന്നവരുടെയും മക്കളെ മാത്രം, അരിപ്പ വച്ച് തെരഞ്ഞെടുത്ത് പഠിപ്പിക്കുന്ന ഈ പ്രത്യേകതരം അൺഎയ്ഡഡ് സ്കൂളുകളിൽ സാമൂഹികമായും സാമ്പത്തികമായുമൊക്കെ പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിൽപ്പെട്ട 25 ശതമാനം കുട്ടികൾ വരുമ്പോൾ ഒരു സംയോജിതമായ വിദ്യാഭ്യാസം, ഇൻക്ലൂസീവായിട്ടുള്ള വിദ്യാഭ്യാസത്തിനുള്ള സാഹചര്യം ഉണ്ടാകുന്നു. ഈ പഞ്ചനക്ഷത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ പാവപ്പെട്ടവർക്കുകൂടി തുറന്നിടപ്പെടുന്ന ഒരു സാഹചര്യം ഉണ്ടെന്നുള്ളത് ഒരു വശത്തുണ്ട്. പക്ഷേ, യഥാർത്ഥത്തിൽ നമ്മുടെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെ, ഗവൺമെന്റ് സ്കൂളുകളെയും എയ്ഡഡ് സ്കൂളുകളെയും മെച്ചപ്പെടുത്തി അവയെ ശക്തിപ്പെടുത്തുകയാണ് വേണ്ടത്. രണ്ടുതരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നമ്മുടെ സമൂഹത്തിൽ ഉണ്ടാകാൻ പാടില്ല. എന്നാൽ ഒരു പരിധിവരെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിലെ ഈ പ്രത്യേക വ്യവസ്ഥ സാമൂഹികമായി ഒരു തരം സമതുലിത സമീപനം സൃഷ്ടിക്കാൻ സഹായകരമാണ്.

ശ്രീ. രാജു എബ്രഹാം: സർ, 5-ാം സ്റ്റാൻഡേർഡ് വരെയുള്ളവരെ എൽ.പി. വിഭാഗത്തിലും എട്ടാം സ്റ്റാൻഡേർഡ് വരെയുള്ളവരെ യു.പി. വിഭാഗത്തിലും മാറ്റുന്നത് സംബന്ധിച്ചുള്ള സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ? അതോടൊപ്പംതന്നെ 6 മുതൽ 14 വയസ്സ് വരെയുള്ളവരെ മാത്രമേ കേന്ദ്ര വിദ്യാഭ്യാസ നിയമം അഡ്രസ് ചെയ്യുന്നുള്ളൂ. 14 വയസ്സ്

കഴിഞ്ഞിട്ടുള്ളവർ ഹയർ സെക്കണ്ടറിക്ക് മുമ്പ് എന്ത് ചെയ്യണം എന്നത് വിദ്യാഭ്യാസ നിയമം അഡ്രസ് ചെയ്യുന്നില്ല. ഈ രണ്ട് കാര്യങ്ങളെ സംബന്ധിച്ചുള്ള നിലപാട് വ്യക്തമാക്കാമോ ?

<u>ശ്രീ. എം. എ. ബേബി</u> : സർ, ഇതിൽ ഒന്നാമത്തെ കാര്യം നമ്മൾ ചർച്ചചെയ്യുമ്പോൾ ഈ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിലൂടെ നേടി എടുക്കണമെന്ന് ഉദ്ദേശിക്കുന്ന കാര്യം കേരളം നേടി എടുത്തുകഴിഞ്ഞതാണ്. കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് നമ്മൾ കൂട്ടായി നടത്തിയിട്ടുള്ള ഇടപെടലിന്റെ ഭാഗമായി 14 വയസ്സ് വരെയുള്ളവർക്ക് സൗജന്യവും നിർബന്ധിതവും സാർവ്വത്രികവുമായ വിദ്യാഭ്യാസം നൽകുക മാത്രമല്ല 16 വയസ്സ് വരെയുള്ള വർക്ക് 10-ാം ക്ലാസ് വരെയുള്ള വിദ്യാഭ്യാസം സൗജന്യമാണ്. ഇപ്പോൾ നമ്മൾ 12-ാം തരം വരെയുള്ള വിദ്യാഭ്യാസം സാർവ്വത്രികവും സൗജന്യവുമാക്കാനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്. ഓരോ പഞ്ചായത്തിലും പ്ലസ് ടു പഠന സൗകര്യം ഏർപ്പെടുത്താനുള്ള നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്. തൃശ്ശൂർ മുതൽ വടക്കോട്ടുള്ള മുഴുവൻ ജില്ലകളിലും ഇപ്പോൾ പ്ലസ് വൺ പ്ലസ് ടു പഠന സൗകര്യമില്ലാത്ത പഞ്ചായത്തുകൾ ഇല്ല. അപ്പോൾ ഇതാണ് കേരളത്തിന്റെ സവിശേഷമായ സാഹചര്യം. അതേസമയം ഇന്ത്യ മൊത്തത്തിൽ നമ്മൾ കണക്കിലെടുക്കുമ്പോൾ 14 വയസ്സ് വരെയുള്ളവർക്ക് സൗജന്യവും സാർവ്വത്രികവും നിർബന്ധിതവുമായ വിദ്യാഭ്യാസം കൊടുക്കുക എന്നുള്ള ലക്ഷ്യം 10 വർഷത്തിനുള്ളിൽ നേടി എടുക്കണം എന്നത് നിർദ്ദേശക തത്വങ്ങളിൽ ഉൾക്കൊള്ളിച്ച ആശയമാണെങ്കിലും ഇതുവരെ നേടി എടുക്കാൻ കഴിഞ്ഞിട്ടില്ല. ആ അർത്ഥത്തിൽ അഖിലേന്ത്യാ തലത്തിൽ ഇത് പ്രസക്തമാണ്. 6 മുതൽ 14 വയസ്സ് വരെയുള്ള വിദ്യാർത്ഥികളുടെ നിർബന്ധിതവും സാർവ്വത്രികവുമായ പഠനം എന്നുള്ള കാഴ്ചപ്പാടാണ് കേന്ദ്ര നിയമത്തിലുള്ളത്. അതിന്റെ ഭാഗമായി, 1 മുതൽ 8 വരെയുള്ള ക്ലാസുകളെ ഒരു യൂണിറ്റായി കണക്കാക്കുമ്പോൾ തന്നെ ഈ വിദ്യാഭ്യാസം ലഭ്യമാക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി ഇപ്പോൾ 4-ാം തരംവരെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്കൂളുകളെല്ലാം 5-ാം തരമായി ഉയർത്തണമെന്നും Right to Education Act-ൽ പറയുന്നു. അതുപോലെതന്നെ 7-ാം തരം വരെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്കൂളുകളിൽ 8-ാം ക്ലാസ് കൂടി ഉൾപ്പെടുത്തണമെന്നും പറയുന്നു. നാല് അഞ്ച് ആക്കുന്നതിനെതുടർന്ന് ആറും, ഏഴും എട്ടുമെല്ലാം അവിടത്തന്നെ കൂട്ടിച്ചേർക്കേണ്ടിവരും. കേരളത്തെ സംബന്ധിച്ചിടത്തോളം മലമ്പ്രദേശങ്ങൾ, വിജനമായ ചില പ്രദേശങ്ങൾ, ആദിവാസികൾ തിങ്ങി പാർക്കുന്ന പ്രദേശങ്ങൾ, മത്സ്യത്തൊഴിലാളികൾ കൂടുതൽ താമസിക്കുന്ന പ്രദേശങ്ങൾ എന്നിവിടങ്ങളിലെ കുറെ സ്കൂളുകൾ നമുക്ക് അപ്ഗ്രേഡ് ചെയ്യേണ്ടിവരും. പക്ഷേ പൊതുവിൽ കേരളത്തിൽ നമുക്കെല്ലാമറിയാവുന്നതു പോലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിലൂടെ ലക്ഷ്യം വയ്ക്കുന്ന കാര്യം കേരളം നേടി എടുത്ത് കഴിഞ്ഞതാണ് എന്ന ഒരു ആത്മബലത്തോടു കൂടി വേണം ഇത് നടപ്പാക്കുന്നതിന്റെ പ്രശ്നങ്ങൾ നമ്മൾ ചർച്ച ചെയ്യേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ് : സർ, കേരളം ഏറ്റവും നേട്ടം ഉണ്ടാക്കിയ ഒരു മേഖലയാണ് വിദ്യാഭ്യാസ മേഖല. കേരള മോഡൽ വികസനത്തിന്റെ ഊന്നൽ തന്നെ വിദ്യാഭ്യാസ ആരോഗ്യ മേഖലകളിലാണ്. മനോഹരമായ പദങ്ങൾ പറഞ്ഞതുകൊണ്ടോ പുതിയ പദങ്ങൾ കണ്ടെത്തിയതുകൊണ്ടോ ഈ പ്രശ്നം പരിഹരിക്കപ്പെടുന്നില്ല. ഇന്ന് ഈ വിദ്യാഭ്യാസ നിയമവുമായി ബന്ധപ്പെട്ട് വലിയ ആശങ്കകൾ കേരളീയ സമൂഹത്തിലുണ്ട്. അങ്ങ് തന്നെ മുൻകയ്യെടുത്ത് രണ്ടുതവണ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും യോഗം വിളിച്ചു. ഭരണ പക്ഷമാണെങ്കിലും പ്രതിപക്ഷമാണെങ്കിലും എല്ലാ രാഷ്ട്രീയ പാർട്ടികളെയും സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു വിദ്യാഭ്യാസ നയമാണ് കേരളത്തിൽ ആവശ്യമായിട്ടുള്ളത്. ഓരോ 5 കൊല്ലവും മാറുന്ന വിദ്യാഭ്യാസ നയമല്ല. എന്നിരിക്കെ, ഈ വിദ്യാഭ്യാസ നിയമത്തിന്റെയും അതുപോലെതന്നെ അനന്തമൂർത്തി കമ്മീഷൻ, അനന്തകൃഷ്ണൻ കമ്മീഷൻ തുടങ്ങിയ കമ്മീഷനുകളുടെയും ശിപാർശകളുടെ അടിസ്ഥാനത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും ഒരു സമവായം, സമന്വയം ഉണ്ടാക്കി നടപ്പാക്കാൻ അങ്ങ് ശ്രമിക്കുമോ ?

ശ്രീ. എം. എ. ബേബി : സർ, ശ്രീ. കെ. സി. ജോസഫിന്റെ നിർദ്ദേശമാണ് യഥാർത്ഥത്തിൽ ഈ ഗവൺമെന്റ് പിന്തുടരുന്ന സമീപനം. അതുകൊണ്ടാണല്ലോ ഈ ചർച്ചകളെല്ലാം നടത്തിയത്. കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം പാർലമെന്റ് ഐകകണ്ഠ്യേന പാസ്സാക്കിയതാണ്. അതിന് ദേശീയമായ് സമവായമുണ്ട്. യഥാർത്ഥത്തിൽ ഇവിടെയുള്ള ഒരു പ്രശ്നം, കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഞങ്ങളുടെ അവകാശങ്ങൾക്കുനേരെ പോറലേൽക്കുന്ന ചില പ്രശ്നമുണ്ട് എന്നുള്ള വിമർശനം ചിലർ ഉന്നയിച്ചിട്ടുണ്ട്. അത് കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകളുമായി ബന്ധപ്പെട്ടതാണ്. അത് എന്താണെന്നുവച്ചാൽ, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾക്ക് വിപുലമായ അധികാരങ്ങളാണ് കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിലുള്ളത്. സ്കൂളിന്റെ അക്കാഡമിക്കായ വളർച്ചയും പുരോഗതിയും മോണിറ്റർ ചെയ്യുന്നത് ഉൾപ്പെടെയുള്ള അധികാരങ്ങൾ സ്കൂൾ മോണിറ്ററിംഗ് കമ്മിറ്റിക്കുണ്ട്. അത്തരം സ്കൂൾ മോണിറ്ററിംഗ് കമ്മിറ്റിയാണ് ഇനി സ്കൂളുകളുടെ മൊത്തത്തിലുള്ള പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്. എന്നാൽ ഇത്തരം മോണിറ്ററിംഗ് കമ്മിറ്റികൾക്കു കീഴിൽ ഞങ്ങളുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാൻ ബുദ്ധിമുട്ടാണെന്നുള്ള നിലപാട് ചില ന്യൂനപക്ഷ സ്ഥാപനങ്ങൾ എടുത്തിട്ടുണ്ട്. എൻ.എസ്.എസ്. പോലെയുള്ള ന്യൂനപക്ഷ ഇതര സ്ഥാപനങ്ങളും ഇത്തരത്തിലുള്ള തീരുമാനമെടുത്തിട്ടുണ്ട്. അവരുടെ പ്രതിനിധി സംഘം ഡൽഹിയിലെ പ്രമുഖരായ പലരേയും കണ്ട് നിവേദനം നടത്തിയിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. അതുകൊണ്ട് കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം കേരളത്തിൽ നടപ്പിലാക്കുമ്പോൾ കേരളത്തിന്റെ എൽ.ഡി.എഫ്. ഗവൺമെന്റ് ചെയ്യുന്ന ഒരു കാര്യമായിട്ടല്ലാതെ, കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ സംയുക്തമായി ചെയ്യുന്ന ഒരു പ്രവർത്തനമായി ഇതിനെ കാണണം. ഇതുമായി ബന്ധപ്പെട്ട് വരുന്ന പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ എൽ.ഡി.എഫ്. ഗവൺമെന്റ് നടത്തുന്ന പരിശ്രമങ്ങളോട് സഹകരിക്കാൻ യു.ഡി.എഫ്. ഗവൺമെന്റ് തയ്യാറാകണമെന്നുള്ളതാണ് ഇവിടത്തെ കാതലായ പ്രശ്നം.

ശ്രീ. എം. എം. മോനായി : സർ, ഏതാണ്ട് ഒരു നൂറ്റാണ്ടിനുമുമ്പുതന്നെ കേരളം പൊതു വിദ്യാഭ്യാസ രംഗത്ത് മുന്നേറിയതിനുശേഷമാണ് റൈറ്റ് ടു എഡ്യൂക്കേഷൻ ബിൽ കേന്ദ്രം അവതരിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് റൈറ്റ് ടു എഡ്യൂക്കേഷൻ ബില്ലിലെ പല വ്യവസ്ഥകളും കേരളത്തെപ്പോലുള്ള ഒരു വികസിത രാജ്യത്ത് പലപ്പോഴും സ്വീകാര്യമല്ല. വിദ്യാഭ്യാസം കൺകറണ്ട് ലിസ്റ്റിലായതുകൊണ്ട് കേരളത്തിന്റെ വിദ്യാഭ്യാസ നേട്ടങ്ങളെ കുറയ്ക്കാത്ത വിധത്തിലുള്ള നിയമനിർമ്മാണങ്ങളാണ് പൊതു വിദ്യാഭ്യാസവും സ്വകാര്യ വിദ്യാഭ്യാസവും സംയോജിച്ചുകൊണ്ട് കേരളത്തിൽ നടത്തുന്നത്. ഇതുസംബന്ധിച്ച് സി.ബി.എസ്.ഇ. സിലബസിൽ ഉൾപ്പെട്ടിട്ടുള്ള സ്കൂളുകൾക്കെല്ലാം കുറേ ആശങ്കകളുണ്ട്. ഇവരെ സംയോജിപ്പിച്ചുകൊണ്ട് ഈ നിയമം ഇവിടെ നടപ്പിലാക്കുവാനുള്ള നടപടികളും നിർദ്ദേശങ്ങളും ഈ കമ്മീഷൻ വച്ചിട്ടുണ്ടോ ?

ശ്രീ. എം. എ. ബേബി : സർ, ഇത്തരത്തിൽ കേരളത്തിന്റെ സവിശേഷതകൾ കണക്കിലെടുത്തുകൊണ്ട് വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കാൻ സഹായകമായ അന്തരീക്ഷം സൃഷ്ടിക്കാനാണ് ഗവണ്മെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ധൃതിപിടിച്ച് യാതൊന്നും ചെയ്യാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും കക്ഷി നേതാക്കന്മാരും സംയുക്തമായി പ്രധാനമന്ത്രിയെ കണ്ട് ഇക്കാര്യം പറഞ്ഞിട്ടുണ്ട്. ഇത് നടപ്പിലാക്കാൻ ഞങ്ങൾ യോജിച്ച് നിങ്ങുകയാണ്. പക്ഷേ, കേരളത്തിന്റെ സവിശേഷതകൾ കണക്കിലെടുത്ത് കേരളത്തിൽ ഇത് നടപ്പിലാക്കാൻ വേണ്ട സാവകാശം ഞങ്ങൾക്ക് തരണം. ലക്ഷ്യം കേരളം നേടിയെടുത്തുകഴിഞ്ഞിരിക്കുന്നു. ചില സാങ്കേതികമായ കാര്യങ്ങൾ നടപ്പിലാക്കാൻ കുറച്ച് സാവകാശം ഞങ്ങൾക്ക് തരണമെന്ന അഭിപ്രായം കേന്ദ്രത്തിന് മുമ്പിൽ വച്ചിട്ടുണ്ട്.

ശ്രീ. കെ. പി. മോഹനൻ : സർ, വിദ്യാഭ്യാസ പരിഷ്കരണം നടപ്പിലാക്കുമ്പോൾ അങ്ങയോട് വിദ്യാഭ്യാസ പദ്ധതി എന്നൊരു ശിപാർശ ഞാൻ വച്ചിരുന്നു. അതിൽ പ്രധാനമായി വിദ്യാഭ്യാസം എന്നാൽ വിദ്യാർത്ഥി സൗഹൃദമായിരിക്കണം എന്നാണ്. വിദ്യാഭ്യാസ മേഖലയിലെ വിദഗ്ദ്ധരുമായി അങ്ങ് ഇപ്പോൾ ചർച്ച നടത്തുകയാണ്. അവരുടെ അഭിപ്രായങ്ങളാണ് വിദ്യാഭ്യാസ പദ്ധതികളിലൊക്കെ വരുന്നത്. അതിനുപകരം വിദ്യാർത്ഥികളുമായി സംവദിച്ചുകൊണ്ട്, വിദ്യാർത്ഥികൾ എന്താണ് ആഗ്രഹിക്കുന്നത് ആ തരത്തിലുള്ള വിദ്യാഭ്യാസം നടപ്പിലാക്കാൻ ഈ ശിപാർശകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി അങ്ങ് ശ്രമിക്കുമോ?

ശ്രീ. എം. എ. ബേബി : സർ, ഈ കാര്യങ്ങളിൽ വിദ്യാർത്ഥി സംഘടനകളുടെ അഭിപ്രായങ്ങൾ കൂടി കേട്ടുകൊണ്ടാണ് ചെയ്യുന്നത്. പിന്നെ, വിദ്യാഭ്യാസം വിദ്യാർത്ഥി സൗഹൃദമായിരിക്കണമെന്ന കാഴ്ചപ്പാടുള്ള ആദരണീയനായ എന്റെ സുഹൃത്തിനെപ്പോലെയുള്ളവരുടെ അഭിപ്രായങ്ങൾകൂടി കണക്കിലെടുത്തുകൊണ്ടാണ് ഇത് നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം കേരളത്തിൽ നടപ്പിലാക്കുമ്പോൾ അൺ എയ്ഡഡ് സ്കൂളിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടേയും കാര്യത്തിൽ യാതൊരു വിധത്തിലുമുള്ള നിയമങ്ങളും ഇന്ന് കേരളത്തിൽ ഇല്ല. അതുപോലെതന്നെ പ്രീപ്രൈമറി സ്കൂളിലെ ടീച്ചർമാരും പഠിപ്പിക്കുന്നുണ്ട്. ഈ രണ്ട് വിഭാഗങ്ങളുടേയും കാര്യത്തിൽ ഗവൺമെന്റ് എന്തെങ്കിലും നയപരമായ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ? അവർക്ക് നിയമപരമായ പരിരക്ഷ കൊടുക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എം. എ. ബേബി : സർ, അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും സ്ഥിതി വളരെയധികം ശോചനീയമാണെന്നുള്ള കാര്യം ചർച്ച ചെയ്തിട്ടുള്ളതാണ്. ഇത് കണക്കിലെടുത്തുകൊണ്ട് അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ ശമ്പള ഘടനയിൽ കാലോചിതമായ മാറ്റം വരുത്തണമെന്നുള്ള നിർദ്ദേശം ഗവൺമെന്റ് മുന്നോട്ടു വച്ചിട്ടുണ്ട്. ഇതിനോട് അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാനേജ്മെന്റ് അസോസിയേഷൻ നേതൃത്വം അനുകൂലമായിട്ടല്ല പ്രതികരിച്ചത്. അവർ അവരുടെ അസ്വസ്തതകൾ പ്രകടിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇന്നത്തെ സാഹചര്യത്തിൽ ഗവൺമെൻറിന് ചെയ്യാൻ കഴിയുന്നത് അൺഎയ്ഡഡ് സ്ഥാപനങ്ങളിലെ അദ്ധ്യാപകരേയും അനദ്ധ്യാപകരേയും സംരക്ഷിക്കുന്നതിനുവേണ്ടി ഒരു ക്ഷേമപദ്ധതി നടപ്പിലാക്കുക എന്നുള്ളതാണ്. സഭയ്ക്ക് അറിയുന്നതുപോലെ ഇത്തവണത്തെ ബഡ്ജറ്റിൽ സംസ്ഥാന ഗവൺമെന്റ് അത് പ്രഖ്യാപിച്ചിട്ടുണ്ട്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പേരിൽ ഭാഷാ അദ്ധ്യാപകന്മാർക്ക് ഉണ്ടായിരുന്ന ഗ്രൂപ്പ് സി ഡൈവേർഷൻ ആനുകൂല്യം എടുത്തു കളയാൻ ഈ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. ഇതുമൂലം ഭാവിയിൽ ഭാഷ അദ്ധ്യാപകന്മാർക്ക് ഏറെ പ്രയാസങ്ങൾ ഉണ്ടാകുമെന്ന് മാത്രമല്ല, നിലവിലുള്ള അദ്ധ്യാപക തസ്തിക പാർട്ട്ടൈമായി മാറുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ നീങ്ങും. തമിഴ്നാട് പോലെയുള്ള സംസ്ഥാനങ്ങളിൽ അറബി, ഉറുദു, സംസ്കൃതം തുടങ്ങിയ ഭാഷകളെ പാഠ്യപദ്ധതിയുടെ ഭാഗമായി പ്രഖ്യാപിച്ചത് ഈ വർഷമാണ്. അവിടെയൊക്കെ വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്ന ഘട്ടത്തിൽ ഭാഷകൾക്ക് വലിയ പ്രോത്സാഹനം നൽകുന്ന ഈ സമയത്ത് കേരളം പോലെയുള്ള ഒരു സംസ്ഥാനം നിലവിലുണ്ടായിരുന്ന ആനുകൂല്യങ്ങൾ എടുത്തുകളയുന്നത് ഏത് അടിസ്ഥാനത്തിലാണ്. ഇത് പുനഃപരിശോധിക്കുന്ന കാര്യം അങ്ങ് ആലോചിക്കുമോ ?

ശ്രീ. എം. എ. ബേബി : സർ, ഈ വിദ്യാഭ്യാസത്തെ അതിന്റെ സമഗ്രതയിലാണ് നമ്മൾ കാണേണ്ടത്. വിദ്യാഭ്യാസത്തെ അതിന്റെ സമഗ്രതയിൽ കാണുമ്പോൾ ഭാഷയും ശാസ്ത്രവും മറ്റ് വിഷയങ്ങളും പഠിക്കുന്നതിനോടൊപ്പം പലതരത്തിലുള്ള കഴിവുകൾ ആർജ്ജിക്കുകയും വേണം. ഞങ്ങൾ പഠിക്കുന്ന കാലത്ത് ബഹുമാനപ്പെട്ട അംഗം ചെറുപ്പമാണ്. അദ്ദേഹം പഠിക്കുന്ന സമയത്ത് എന്താണ് സ്കൂളുകളുടെ സ്ഥിതിയെന്ന് ഇന്നത്തെ നിലയിൽ എനിക്ക്

പറയാൻ കഴിയില്ല. പക്ഷേ, പ്രൈമറി സ്കൂളിൽ ചിത്രം വരയ്ക്കാനും തുന്നലും പഠിപ്പിക്കുമായിരുന്നു. ക്ലാസിലിരുന്ന് കൈലേസുകൾ തുന്നിയതും കൈലേസിൽ പല ചിത്രങ്ങൾ തുന്നിയതുമൊക്കെ ഞാൻ ഓർക്കുകയാണ്. ഇപ്പോഴത്തെ സ്ഥിതിയെന്ന് പറയുന്നത് സ്കൂളുകളിൽ ഡ്രോയിംഗ് ടീച്ചേഴ്സോ ക്രാഫ്റ്റ് ടീച്ചേഴ്സോ ഇല്ല. പാട്ടുപഠിപ്പിക്കാൻ പോലും ടീച്ചേഴ്സില്ല. ഇതെല്ലാം നമ്മൾ മനസ്സിലാക്കണം. സയ്ക്ക് ഇതിനെക്കുറിച്ച് വളരെ കൃത്യമായ ധാരണ വേണം. ഗ്രൂപ്പ് സി ഡൈവേർഷൻ എന്നുപറയുന്നത് ഒരു പ്രത്യേകഘട്ടത്തിൽ ചില വിഭാഗത്തിൽപ്പെട്ട അദ്ധ്യാപകരുടെ ജോലി സംരക്ഷിക്കുവാനും അവർക്ക് കൂടുതൽ അവസരം കൊടുക്കുവാനും അവരുടെ സ്ഥിതി മെച്ചപ്പെടുത്തുവാനും വേണ്ടിയുള്ള പഠന പരിപാടികളുടെ കടയ്ക്കൽ കത്തി വയ്ക്കുന്ന വളരെ അപകടകരമായ ഒരു തീരുമാനം എടുത്തു. ഏതെങ്കിലും ഭാഷ പഠിപ്പിക്കുന്നതിന് പ്രാധാന്യം കൊടുക്കുന്നതിന് നമ്മൾ ആരും എതിരല്ല. പക്ഷേ, എല്ലാ ഭാഷയും പഠിക്കണം, ഇതുപോലെയുള്ള ഒരുപാട് ക്രാഫ്റ്റുകളും സ്കില്ലുകളും പഠിക്കണം. ഇതെല്ലാം കണ്ടുകൊണ്ടുള്ള ഒരു വിദ്യാഭ്യാസ സമീപനം ആവിഷ്കരിക്കേണ്ടതാണ്. ഏതെങ്കിലും പ്രത്യേക ഭാഷ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ ഭാവിക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന തീരുമാനങ്ങളൊന്നും എടുക്കുകയില്ല. പക്ഷേ, അതിനെ ഏകപക്ഷീയമായി കാണരുത്. വിദ്യാഭ്യാസത്തിന്റെ മൊത്തം വളർച്ചയും വികാസവുമായി ബന്ധപ്പെട്ടാണ് ഇതിനെ കാണേണ്ടത്. അത്തരമൊരു സമീപനമാണ് ഈ ഗവൺമെന്റിനുള്ളത്. ഏതെങ്കിലും ഭാഷ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു തീരുമാനം ഗവൺമെന്റ് എടുക്കുകയില്ല. അങ്ങനെയൊരു തീരുമാനമെടുക്കാൻ പോകുന്നുവെന്ന കൃത്രിമമായ ഒരു പരിഭ്രാന്തി നമ്മൾ ആരും പരത്തരുത് എന്നാണ് എനിക്ക് പറയുവാനുള്ളത്.

<u>ശ്രീ. എ. എം. ആരിഫ്</u> ഭരണഘടനാ മാർഗ്ഗനിർദ്ദേശക തത്വങ്ങളിൽപ്പെട്ട വിദ്യാഭ്യാസ അവകാശ സംരക്ഷണ നിയമം നടപ്പിലാക്കി കേന്ദ്രത്തിന് കേരളത്തിനൊപ്പം എത്താൻ ആറ് പതിറ്റാണ്ടിലേറെ വേണ്ടിവന്നു വിദ്യാഭ്യാസ അവകാശ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിന്റെ ഫലമായി ഇപ്പോൾ അൺഎയ്ഡഡ് സ്കൂളുകളിലെ ക്ലാസുകളിൽ പഠിപ്പിക്കുന്നതിനുള്ള ചെലവ് അതുപോലെ അഞ്ചാം ക്ലാസിലേയ്ക്ക് വരുന്ന അധിക ക്ലാസ് ആരംഭിക്കുന്നതിനുള്ള ചെലവ്, എന്നു തുടങ്ങി ഒരുപാട് കാര്യങ്ങളുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിനും അദ്ധ്യാപക വിദ്യാർത്ഥി അനുപാതം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടും സംസ്ഥാന ഗവൺമെന്റിന് എന്ത് സാമ്പത്തിക ബാധ്യത വരുമെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ; എന്താണ് കേന്ദ്രത്തിന്റെ റോഷ്യോ ആയി നിർവ്വഹിക്കാൻ ഉദ്ദേശിക്കുന്നത്. ഇതുസംബന്ധിച്ച് എന്തൊക്കെയാണ് സംസ്ഥാനം നിർവ്വഹിക്കേണ്ടത് എന്ന് സമിതി വ്യക്തതവരുത്തിയിട്ടുണ്ടോ? അതുസംബന്ധിച്ച് കേന്ദ്രം ഏതെല്ലാം നിലയിലാണ് സഹായിക്കേണ്ടത് എന്നുമുള്ള നമ്മുടെ അവകാശങ്ങൾ കേന്ദ്രത്തിന് മുമ്പാകെ ഉന്നയിച്ചിട്ടുണ്ടോ? അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. ബേബി : സർ, ഇതിനെക്കുറിച്ചുള്ള കണക്കുകൂട്ടൽ നമ്മൾ നടത്തിയിട്ടുണ്ട്. ഈ കണക്കുകൂട്ടൽ വളരെ പെട്ടെന്ന് നിർവ്വഹിക്കാൻ കഴിയുന്നതല്ല. ഉദാഹരണത്തിന് അൺഎയ്ഡഡ് സ്കൂളുകളിലും മറ്റും 25 ശതമാനം പ്രവേശനം നടത്തുമ്പോൾ സ്കൂളുകൾക്ക് അതിനുള്ള പണം കൊടുക്കണം. ഗവൺമെന്റ് സ്കൂളുകളിൽ ഇത്രയും കുട്ടികളെ പഠിപ്പിക്കാൻ വേണ്ടിവരുന്ന ശരാശരി ചെലവ് കണക്കാക്കി അത്രയും തുകയാണ് അൺഎയ്ഡഡ് സ്കൂളുകളിലെ 20 ശതമാനം കുട്ടികളെ പഠിപ്പിക്കുന്നതിനായി നൽകുന്നത്. ഇതെല്ലാം കണക്കാക്കുവാനുള്ള ഒരു സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സർവ്വശിക്ഷാ അഭിയാൻ പദ്ധതിയിൽ 125 കോടി 50 ലക്ഷം രൂപ കേന്ദ്രം പ്ലാൻ ഫണ്ടായി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ അതുസംബന്ധിച്ച് പണമൊന്നും തന്നെ കിട്ടിയിട്ടില്ല. നമ്മുടെ ആവശ്യങ്ങൾ കേന്ദ്രത്തിനുമുന്നിൽ അവതരിപ്പിക്കുന്നുണ്ട്. പക്ഷേ, ഇത്തരം കാര്യങ്ങൾ കേന്ദ്രത്തിനുമുന്നിൽ സമർപ്പിക്കുമ്പോൾ കേന്ദ്രത്തിന്റെ പ്രതികരണം പലപ്പോഴും ആശാവഹമല്ല എന്നുള്ള ദുഃഖകരമായ അവസ്ഥയാണുള്ളത്.

ശ്രീ. കെ. കെ. ഷാജു : സർ, എല്ലാ കേന്ദ്ര നയങ്ങൾക്കും എതിരായി ബദൽ നയം നടപ്പിലാക്കുന്ന ഒരു ഗവൺമെന്റിലെ അംഗമാണല്ലോ അങ്ങ്. അങ്ങനെയാണെങ്കിൽ എയ്ഡഡ് സ്കൂളിനെ സംബന്ധിച്ചും ന്യൂനപക്ഷ സ്കൂളിനെ സംബന്ധിച്ചും അഡ്വൈസറി കമ്മിറ്റി എന്ന ഒരു നിർദ്ദേശം വന്നിട്ടുണ്ട്. ഇത് കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ ഒരുപാട് ആശങ്കകൾക്കും ഉത്കണ്ഠകൾക്കും വഴിവച്ചിട്ടുണ്ട്. എൻ.എസ്.എസ്. ഒക്കെ തുറന്ന് പറയുന്നത് അതാണ്. അങ്ങനെയാണെങ്കിൽ ഇക്കാര്യത്തിൽ കേരളത്തിലെ വിദ്യാഭ്യാസ മേഖലയ്ക്ക് സഹായകരമാകുന്ന ഒരു ബദൽ നയം മുമ്പോട്ടുവയ്ക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ? ഇന്ന് സി.ബി.എസ്.ഇ. യും കേരളാ സിലബസും നിലവിലുണ്ട്. ഇത് രണ്ട് തരം പൗരന്മാരെ സൃഷ്ടിക്കുന്ന ഒരു നിലപാടിലേക്കാണ് പോകുന്നത്. ഇത് രണ്ടും കൂടി ചേർത്ത് ഒരൊറ്റ സിലബസ് എന്നുള്ള നിലയിലേക്ക് എത്തുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് എടുക്കുമോ ?

ശ്രീ. എം. എ. ബേബി : സർ, എൻ. എസ്. എസ്.-നെപ്പോലെ നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ വളരെ വിലപ്പെട്ട സംഭാവന നൽകുന്ന സ്ഥാപനങ്ങളുണ്ട്. മിഷനറിമാരും എസ്.എൻ. ട്രസ്റ്റും എം.ഇ.എസും സ്വതന്ത്ര മാനേജ്മെന്റുകളും വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. ഇവരെയെല്ലാം വിശ്വാസത്തിലെടുത്തു കൊണ്ടുമാത്രമേ വിദ്യാഭ്യാസ രംഗത്ത് എന്ത് മാറ്റവും നടപ്പാക്കാൻ കഴിയുകയുള്ളൂ. ഇപ്പോൾ ഗവൺമെന്റ് പാസ്സാക്കിയ വിദ്യാഭ്യാസ അവകാശ നിയമത്തിലെ ചില വ്യവസ്ഥകളാണ് വിദ്യാഭ്യാസ മേഖലയിലെ ചില സാന്നിദ്ധ്യങ്ങൾക്ക് ആശങ്ക സൃഷ്ടിച്ചിട്ടുള്ളത്. അവരുടെ ആശങ്ക ദൂരീകരിക്കാതെ ബലം പ്രയോഗിച്ച് ഇതിൽ ഒരു വ്യവസ്ഥയും കേരളത്തിൽ നടപ്പാക്കുന്ന പ്രശ്നമില്ല. കേന്ദ്ര ഗവൺമെന്റും ഈ വിഭാഗങ്ങളുമായി ചർച്ച നടത്തണമെന്നാണ് സംസ്ഥാന ഗവൺമെന്റിന് നിർദ്ദേശിക്കാനുള്ളത്. ഈ വിഭാഗങ്ങളിൽപ്പെട്ടവരുടെ ആശങ്കകളും ഉത്കണ്ഠകളും പരിഹരിക്കുന്ന കാര്യത്തിൽ ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ നമ്മൾ സഹകരിക്കേണ്ടതുണ്ട്. കാരണം കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും കൂടി നടപ്പാക്കേണ്ട ഒന്നാണിത്. ബഹുമാനപ്പെട്ട അംഗം

ഉന്നയിച്ച ഈ സി. ബി. എസ്. ഇ. സിലബസും സ്റ്റേറ്റ് സിലബസും എന്നുള്ള പ്രശ്നം പരിഹരിക്കാൻ സംസ്ഥാന ഗവൺമെന്റിന് കഴിയില്ല. കാരണം സംസ്ഥാന സിലബസുകൾ ഇൻഡ്യയിൽ നിലവിലുണ്ട്. സംസ്ഥാന സിലബസുകൾ നിലനിൽക്കുമ്പോൾ സി.ബി.എസ്.ഇ. വേണമോ ഐ.സി.എസ്.ഇ. വേണമോ എന്നുള്ള കാര്യം ഇൻഡ്യൻ സമൂഹം മൊത്തത്തിൽ ആലോചിക്കേണ്ടതാണ്. രണ്ട് തരം വിദ്യാഭ്യാസം പാടില്ലെന്നുള്ള കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല. പക്ഷേ ഉണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ്. സംസ്ഥാന ഗവൺമെന്റ് മാത്രം വിചാരിച്ചാൽ അത് ഇല്ലാതാകുകയില്ല.

ശ്രീ. എം. ചന്ദ്രൻ: സർ, കേരളത്തിൽ ഇപ്പോൾ കുട്ടികളുടെ അഡ്മിഷന്റെ കാര്യത്തിൽ വളരെ ചിട്ടയായ ഒരു പ്രവർത്തനമാണ് നടക്കുന്നത്. ഇപ്പോൾ എല്ലാവർക്കും ജനന സർട്ടിഫിക്കറ്റുകൾ ഹാജരാക്കുവാൻ കഴിയുന്നുണ്ട്. മുൻതലമുറയ്ക്ക് അതിന്റെ വിവരമില്ലാത്തതുകൊണ്ടാണ് ഇപ്പോൾ പരീക്ഷാ ഭവനിൽ ജനന തീയതി തിരുത്തുന്നതിനുവേണ്ടിയുള്ള നിരവധി അപേക്ഷകൾ കുമിഞ്ഞുകൂടിക്കിടക്കുന്നത്. കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമപ്രകാരം ജനന സർട്ടിഫിക്കറ്റൊന്നും ഹാജരാക്കേണ്ടതില്ല. കുട്ടി ചെന്ന് പറയുന്നതാണ് ജനന തീയതി എന്ന നിലപാടാണ് സ്വീകരിച്ചുകാണുന്നത്. ഇപ്രകാരം ചെയ്യുന്നത് കേരളത്തിലെ ഇപ്പോഴത്തെ സ്കൂൾ അഡ്മിഷനെ അട്ടിമറിക്കുന്ന ഒരു സ്ഥിതി വിശേഷം വരുത്തുകയില്ലേ ? അത് മറികടക്കാൻ അങ്ങ് എന്താണ് ഉദ്ദേശിക്കുന്നത്?

ശ്രീ. എം. എ. ബേബി : സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ചോദ്യം വളരെ പ്രസക്തമാണ്, വളരെ ശരിയാണ്. അതേസമയം വിദ്യാഭ്യാസ അവകാശ നിയമത്തിൽ ജനന സർട്ടിഫിക്കറ്റിന്റെ കാര്യത്തിൽ ഉദാരമായ സമീപനം ഉൾക്കൊള്ളിച്ചിട്ടുള്ളത് ഏത് സാഹചര്യത്തിലാണെന്നുള്ളത് നമ്മൾ മനസ്സിലാക്കണം. അഖിലേന്ത്യാതലത്തിൽ മറ്റ് സംസ്ഥാനങ്ങളിലൊക്കെ കുഞ്ഞുങ്ങളെ ആശുപത്രിയിലോ നഴ്സിംഗ് ഹോമിലോ പ്രസവിക്കുന്ന സാഹചര്യങ്ങളില്ല. വളരെ പിന്നോക്ക സ്ഥിതിയാണ് നിലനിൽക്കുന്നത്. ജനന സർട്ടിഫിക്കറ്റ് കിട്ടുന്ന കാര്യത്തിൽ വിശേഷിച്ചും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും മറ്റും ഒരുപാട് ബുദ്ധിമുട്ടുകളുണ്ട്. ആ സാഹചര്യം മറികടക്കാനാണ് കേന്ദ്ര വിദ്യാഭ്യാസ നിയമത്തിൽ ജനന സർട്ടിഫിക്കറ്റുമൊക്കെയായി രക്ഷിതാക്കൾ വരണമെന്നില്ല എന്ന വ്യവസ്ഥ വച്ചിട്ടുള്ളത്. ആ വ്യവസ്ഥ വച്ചാൽ ചില കുട്ടികളെ സ്കൂളിൽ ചേർക്കേണ്ട എന്നുതന്നെ രക്ഷിതാക്കൾ തീരുമാനിച്ചുവെന്ന് വരും. അതൊഴിവാക്കാനായി ഇൻഡ്യയിലെ മറ്റ് ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾക്ക് ബാധകമായ രീതിയിൽ അത്തരമൊരു ഉദാരസമീപനം വച്ചിട്ടുണ്ട്. ആ ഉദാരസമീപനം കേരളത്തിൽ അതുപോലെ നടപ്പാക്കേണ്ടതില്ല എന്നുള്ളതാണ് സംസ്ഥാന ഗവൺമെന്റിന്റെ നിലപാട്.

ശ്രീ. എ. പി. അനിൽകുമാർ : സർ, ദേശീയ വിദ്യാഭ്യാസ അവകാശ നിയമവുമായി ബന്ധപ്പെട്ട് കേരളം എല്ലാ ലക്ഷ്യവും കൈവരിച്ചുവെന്ന ഒരു സമീപനത്തിന് പകരം, അങ്ങേയ്ക്ക് അറിയാം എസ്.എസ്.എ. വന്നപ്പോൾ നമ്മൾ ഈ സമീപനം എടുത്തതാണ്. പക്ഷേ ഇന്ന് എസ്.എസ്.എ.

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയിലൂടെയാണ് കേരളത്തിലെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ 90 ശതമാനവും നിറവേറ്റിയത്. ആ ഒരു യാഥാർത്ഥ്യം മുന്നിൽ നിൽക്കേ ദേശീയ വിദ്യാഭ്യാസ അവകാശ നിയമത്തിലൂടെ കേരളത്തിലെ പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ എങ്ങനെ വർദ്ധിപ്പിക്കാം? ഇന്ന് വിദ്യാർത്ഥി-അദ്ധ്യാപക അനുപാതം 30:1 എന്നുള്ള രീതിയിലാണ്. നമുക്ക് കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും അനുവദിക്കാൻ കഴിയും. ഇതിനൊരു പോസിറ്റീവ് വശം കണ്ടെത്തിക്കൊണ്ട് ദേശീയ വിദ്യാഭ്യാസ നിയമത്തിൽ കൈവരിച്ച ലക്ഷ്യത്തെ കൂടുതൽ ഗുണകരമാക്കി മാറ്റുവാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ ?

<u>ശ്രീ. എം. എ. ബേബി</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. 14 വയസ്സുവരെയുള്ളവർക്ക് സൗജന്യവും സാർവ്വത്രികവും നിർബന്ധവുമായ വിദ്യാഭ്യാസം നൽകി എന്നുള്ളത് യാഥാർത്ഥ്യമാണ്. പക്ഷേ അതുകൊണ്ട് കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ സാഹചര്യത്തിൽ കേരളത്തിൽ പുതിയതായി യാതൊന്നും ചെയ്യാനില്ലെന്ന് ഗവൺമെന്റ് കരുതുന്നില്ല. അതു കൊണ്ടാണല്ലോ ഈ രംഗത്ത് നല്ല കഴിവുള്ള ലിഡാ ജേക്കബിനെപ്പോലെയുള്ള ഒരു മഹതിയെ ഇതിന്റെ ചുമതല ഏൽപ്പിച്ചതും ഇത് നടപ്പാക്കാൻ എന്ത് നടപടികൾ സ്വീകരിക്കണം എന്നത് സംബന്ധിച്ച് ശിപാർശ സമർപ്പിക്കാൻ നിയോഗിച്ചിട്ടുള്ളത്. ആ ശിപാർശകളുടെ അടിസ്ഥാനത്തിൽ ഇവിടെ ചെയ്യേണ്ട ഒരുപാട് കാര്യങ്ങളുണ്ട്. അത് ചെയ്യുക എന്നുള്ള സമീപനവുമായിട്ടാണ് ഗവൺമെന്റ് മുന്നോട്ട് പോകുന്നത്.

<u>ശ്രീ. എം. ഹംസ</u>: സർ, കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിൽ 750 കുട്ടികളിൽ അധികമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്പെഷ്യലിസ്റ്റുമാരുടേയും ശിശു മനഃശാസ്ത്രജ്ഞന്മാരുടേയും നിർമ്മാണ പ്രവർത്തനങ്ങളിൽ പ്രത്യേക പ്രാവീണ്യം നേടിയവരുടേയും സേവനം ഉപയോഗപ്പെടുത്തണമെന്ന് പറയുന്ന ഒരു വകുപ്പ് ഉണ്ടല്ലോ? അതുപോലെ കേരളത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഉപയോഗിക്കാൻ കഴിയുന്ന വല്ല നിർദ്ദേശങ്ങളും ബഹുമാനപ്പെട്ട ലിഡാ ജേക്കബിന്റെ നിർദ്ദേശത്തിലുണ്ടോ എന്നത് വ്യക്തമാക്കാമോ; വിദ്യാർത്ഥി അദ്ധ്യാപക അനുപാതം ഇന്നുള്ളതിൽ നിന്ന് കുറയ്ക്കുന്ന കാര്യത്തെക്കുറിച്ച് ഈ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ; അത് സംബന്ധിച്ച് ഗവൺമെന്റിന്റെ അഭിപ്രായം എന്താണ്?

<u>ശ്രീ. എം. എ. ബേബി</u>: സർ, ഈ രണ്ട് കാര്യങ്ങളും ലിഡാ ജേക്കബ് കമ്മിറ്റി പരിശോധിച്ചിട്ടുള്ളതും ഈ ഗവൺമെന്റ് പരിഗണിക്കുന്നതുമായ കാര്യങ്ങളാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, കേന്ദ്ര വിദ്യാഭ്യാസ നിയമം വന്നപ്പോൾത്തന്നെ അപ്പുറത്തുനിന്ന് ശ്രീ. എ. എം. ആരിഫും മറ്റുള്ളവരുമൊക്കെ പറഞ്ഞതിൽ നിന്നും വ്യക്തമാകുന്നത് ഇവിടെ ഇനി ഒന്നും നടപ്പിലാക്കേണ്ട കാര്യമില്ല എന്നുള്ളതാണ്. പക്ഷേ അങ്ങ് പറഞ്ഞ ഉത്തരത്തിൽ ഒരു കാര്യമുണ്ട്, ഇപ്പോൾ നമ്മുടെ സ്കൂളുകളുടെ സ്ഥിതിയെന്താണ്? പാവപ്പെട്ടവരുടെ കുട്ടികൾ മാത്രം പഠിക്കുന്ന സ്കൂളുകൾ ഒരുവശത്തും പണക്കാരുടെ കുട്ടികൾ മാത്രം

LIBRARY ARCHIVES Kerala Legislative Assembly

പഠിക്കുന്ന സ്കൂളുകൾ മറ്റൊരു വശത്തും. അപ്പോൾ രണ്ടു വിഭാഗം കുട്ടികളെയും ഒരു സ്കൂളിൽ ഉൾക്കൊള്ളുന്ന ഒരു വിദ്യാഭ്യാസത്തിന് ജനാധിപത്യവൽക്കരണം ഈ ദേശീയ വിദ്യാഭ്യാസ അവകാശ നിയമത്തിൽ കൂടി യാഥാർത്ഥ്യമാകുകയാണ്. രണ്ടാമത്തെ കാര്യം 130. എന്റെ ചോദ്യം അതല്ല. ഫെയ്സ് ചെയ്യാൻ പോകുന്ന ഒരു കാഷ്വാലിറ്റി-ഇത് 6 വയസ്സ് മുതലാണ് തുടങ്ങുന്നത്. അടുത്ത് വരുന്ന ഒന്നാം ക്ലാസ്സിൽ 5 വയസ്സുള്ള കുട്ടികളെ എവിടെ പഠിപ്പിക്കും എന്നുള്ളതാണ്. അതിനുവേണ്ടി ലിഡാ ജേക്കബിന്റെ റിപ്പോർട്ടിൽ പറയുന്ന പ്രൈമറി അല്ലെങ്കിൽ പ്രീ-സ്കൂളിൽ ആരാണ് ഈ കുട്ടികളെ പഠിപ്പിക്കേണ്ടത്? പലപ്പോഴും ഒന്നാം ക്ലാസ്സിലെ അദ്ധ്യാപകർ പ്രീ-സ്കൂളിൽ പോയി പഠിപ്പിക്കാൻ തയ്യാറാകാത്ത ഒരു സാഹചര്യമുണ്ട്. അപ്പോൾ ആ ഒരു കാഷ്വാലിറ്റി ഈ രക്ഷാകർത്താക്കളിൽ ഒരു ആശങ്കയുണ്ടാക്കിക്കഴിഞ്ഞാൽ ഇവർ നേരെ സി.ബി.എസ്.ഇ. സ്കൂളിൽ കൊണ്ടുപോയി കുട്ടികളെ ചേർക്കും. പ്രീ-സ്കൂളിൽ ആര് പഠിപ്പിക്കും; അതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. എം. എ. ബേബി</u>: സർ, ഇക്കാര്യം അദ്ധ്യാപക സംഘടനകളുമായി ചർച്ച ചെയ്ത് പരിഹരിക്കാൻ കഴിയുമെന്ന ശുഭാപ്തി വിശ്വാസമാണ് ഗവൺമെന്റിനുള്ളത്.

<u>ശ്രീ. കെ. രാജു</u>: സർ, ഇന്ന് സ്കൂൾ വിദ്യാഭ്യാസം ഒന്നു മുതൽ പത്തുവരെ എന്നുള്ളത് മാറി, ഒന്നു മുതൽ പന്ത്രണ്ടുവരെ എന്നുള്ളത് നടപ്പിലാക്കിക്കഴിഞ്ഞു. ആ സാഹചര്യത്തിൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ഇപ്പോൾ മലബാർ മേഖലയിലെ എല്ലാ പഞ്ചായത്തുകളിലും, ഇല്ലാത്തസ്ഥലത്തെല്ലാം അനുവദിച്ച ഗവൺമെന്റിന്റെ നയത്തെ ഞാൻ അഭിനന്ദിക്കുകയാണ്. പക്ഷേ ഇക്കാര്യത്തിൽ വടക്ക്-തെക്ക് എന്നൊരു വ്യത്യാസം പാടില്ല. തെക്കൻ പ്രദേശത്തും ഹയർ സെക്കണ്ടറി ഇല്ലാത്ത പഞ്ചായത്തുണ്ട്. അങ്ങയ്ക്കറിയാവുന്ന എന്റെ മണ്ഡലത്തിൽത്തന്നെ കരവാളൂർ പഞ്ചായത്തിൽ പല ഹൈസ്കൂളുകളുമുണ്ട് പക്ഷേ ഹയർ സെക്കന്ററിയില്ല. ഇതിനൊരു പരിഹാരമുണ്ടാക്കുമോ ?

<u>ശ്രീ. എം. എ. ബേബി</u>: സർ, വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മണ്ഡലത്തിൽ പ്ലസ് ടു സ്കൂൾ ഇല്ലാത്ത പഞ്ചായത്തുണ്ട് ബാക്കി പിന്നെ പറയേണ്ട കാര്യമില്ല. ഇത് വളരെ ഗൗരവമുള്ള പ്രശ്നമാണ്. ഇത് ഈ ഗവൺമെന്റിന്റെ നയമായി പ്രഖ്യാപിച്ചുകഴിഞ്ഞു. എന്നാൽ തെക്കൻ ജില്ലകളിലെ ചില ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ സീറ്റ് ഉണ്ടെങ്കിലും അവിടെ പഠിക്കാൻ വിദ്യാർത്ഥികൾ ഇല്ലെന്നുള്ള പ്രശ്നമുണ്ട്. മറ്റ് ചില വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വളരെയധികം അപേക്ഷകൾ കെട്ടിക്കിടക്കുന്നു. ഇതെല്ലാം പഠിച്ചുകൊണ്ട് തെക്കൻ ജില്ലകളിലും ഒരു പഞ്ചായത്തിൽ ഹയർ സെക്കണ്ടറി പഠന സൗകര്യമുള്ള ഒരു സ്കൂളെങ്കിലും വേണമെന്ന നയം ഘട്ടം ഘട്ടമായി നടപ്പാക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടെന്ന സന്തോഷകരമായ കാര്യം എല്ലാവരെയും അറിയിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റമുണ്ടാക്കി എന്നുള്ളതിന് ഞാനും സാക്ഷിയാണ്. ഇപ്പോൾ ഒരു മണ്ഡലത്തിൽ ഒരു ഐ.സി.റ്റി. പദ്ധതി തയ്യാറാക്കാനായി ഒരു സ്കൂളിനെ തെരഞ്ഞെടുത്തുകൊണ്ട് ഏറ്റവും ആധുനിക സാങ്കേതിക വിദ്യ ആ സ്കൂളിലെ കുട്ടികൾക്ക് ലഭ്യമാക്കാൻവേണ്ടി യുള്ള ഒരു പദ്ധതി ഗവൺമെന്റ് നടപ്പാക്കി. എന്റെ മണ്ഡലത്തിൽ ഏറ്റവും പിന്നോക്കം നിന്നിരുന്ന അഞ്ച് മുതൽ പത്ത് വരെ ക്ലാസ്സുള്ള സ്കൂളിൽ ഇത് നടപ്പാക്കി. അതിന്റെ റിസൽറ്റ് വളരെ നല്ലനിലയിൽ കാണാൻ സാധിച്ചിട്ടുണ്ട്. എല്ലാ ക്ലാസ്സുകളിലും പ്രൊജക്ടറും സ്ക്രീനുമൊക്കെ വച്ചിട്ട് കുട്ടികൾ വളരെ ആവേശത്തോടെ കണ്ടുംകേട്ടും പഠിക്കുന്ന ഒരു നല്ല മാറ്റം ഉണ്ടായിട്ടുണ്ട്. അതുപോലെതന്നെ ഇപ്പോൾ ലാംഗ്വേജ് നന്നാക്കിയെടുക്കാനും കോംപറ്റിറ്റീവ് എക്സാമിനേഷൻ പഠിക്കാനും വേണ്ടി ഗവൺമെന്റ് സി.ഡി. ലൈബ്രറി കൂടി തന്നു. ഇത് ഞങ്ങളുടെ മണ്ഡലത്തിലെ മുഴുവൻ പേർക്കും കൊടുത്തിട്ടുണ്ട്. ഈ പദ്ധതി എല്ലാ സ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കാനുള്ള നടപടി കൂടി സ്വീകരിക്കുമോ ?

ശ്രീ. എം. എ. ബേബി: സർ, ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിക്കാം.

ശ്രീ. പി. എം. എ. സലാം: സർ, കുട്ടികളെ സ്കൂളിൽ ഒന്നാം ക്ലാസ്സിൽ ചേർക്കാൻ ആറ് വയസ്സ് പൂർത്തിയാകണമെന്ന് വിദ്യാഭ്യാസ അവകാശ നിയമത്തിൽ പറയുന്നുണ്ട്. അക്കാര്യം ശ്രീ. പി. വിഷ്ണുനാഥ് ഇവിടെ സൂചിപ്പിച്ചു. ആറ് വയസ്സ് വരെയുള്ള കുട്ടികളെ പ്രീ-സ്കൂളിൽ ചേർക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. പക്ഷേ ഇവിടെയുണ്ടാകുന്ന പ്രതിസന്ധി, കേരളത്തിൽ ആറ് വയസ്സ് പൂർത്തിയായ കുട്ടികളൊക്കെ ഇപ്പോൾ രണ്ടാം ക്ലാസ്സിലാണുള്ളത്. ഇത്തവണ കേരളത്തിലെ ഒന്നാം ക്ലാസ്സിൽ ഏത് കുട്ടികളെ ചേർക്കും. കേരളത്തിലെ മുഴുവൻ ഒന്നാം ക്ലാസ്സുകളും കാലിയായി കിടക്കുന്ന ഒരവസ്ഥ ഗവൺമെന്റ് മുൻകൂട്ടി കണ്ടിട്ടുണ്ടോ; അതിന് എന്ത് പരിഹാരമാണ് ഗവൺമെന്റിന് നിർദ്ദേശിക്കാനുള്ളത്?

ശ്രീ. എം. എ. ബേബി: സർ, ഇത് നമ്മൾ ആദ്യം കേന്ദ്ര മന്ത്രിയുമായും പ്രധാനമന്ത്രിയുമായും സംസാരിച്ച ഒരു വിഷയമാണ്. വ്യക്തമാക്കപ്പെട്ട ഒരു കാര്യം; 6 വയസ്സിലാണ് ഒന്നാം ക്ലാസ്സിൽ ചേർക്കേണ്ടതെന്ന് വിദ്യാഭ്യാസ അവകാശ നിയമത്തിൽ പറയുന്നുണ്ടെങ്കിലും 5 വയസ്സിൽ അധികമുള്ളവരെ ചേർക്കുന്നത് നിരോധിച്ചിട്ടില്ല. ആ സാഹചര്യമാണ് നമ്മൾ ഉപയോഗപ്പെടുത്താൻ പോകുന്നത്. സാധാരണഗതിയിൽ 6 വയസ്സ് ആയവർ വേണം ഒന്നാം ക്ലാസ്സിൽ ചേരേണ്ടത്. ഈ മാറ്റം നടപ്പാക്കുന്ന ഘട്ടത്തിൽ 6 വയസ്സിനു താഴെയുള്ളവരെയും ഒന്നാം ക്ലാസ്സിൽ ചേർക്കാൻ അനുവദിക്കും. രണ്ടാമത്, 6 വയസ്സിലേ ഒന്നാം ക്ലാസ്സിൽ ചേരേണ്ടതുള്ളൂ എന്ന് തീരുമാനിക്കുന്ന കുട്ടികളുടെ രക്ഷിതാക്കന്മാരുമായി ആലോചിച്ച് നേരത്തെ ഇവിടെ പറഞ്ഞതുപോലെയുള്ള പ്രീ-സ്കൂൾ, പ്രീ-പ്രൈമറി പഠന സൗകര്യം ഏർപ്പെടുത്തുകയും ഒന്നാം ക്ലാസ്സിൽ ചേരേണ്ട പ്രായമാകുന്നതുവരെയുള്ള ഒരു വർഷക്കാലം ഒന്നാം ക്ലാസ്സിൽ ചേരുന്നതിന് തയ്യാറെടുപ്പിക്കുന്ന പഠന പരിപാടികൾ ഈ കുട്ടികളുടെ കാര്യത്തിൽ നടപ്പാക്കുകയും ചെയ്യുന്ന ഒരു സമീപനമാണ് ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly.

ശ്രീ. മുരളി പെരുനെല്ലി: സർ, ലിഡാ കമ്മീഷൻ റിപ്പോർട്ടുമായി ബന്ധപ്പെട്ടുകൊണ്ട് അദ്ധ്യാപക സംഘടനകൾക്ക് വ്യാപകമായ അസംതൃപ്തിയും ആശങ്കയും നിലയിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, അത് പരിഹരിക്കാൻ ആവശ്യമായ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എം. എ. ബേബി: സർ, അദ്ധ്യാപകർക്ക് അങ്ങനെ വളരെ വലിയ അസംതൃപ്തിയും ആശങ്കയും ഉള്ളതായി ശ്രദ്ധയിൽ വന്നിട്ടില്ല. ചില സംഘടനകൾ ചില പ്രശ്നങ്ങൾ ഉന്നയിച്ചിട്ടുണ്ട്. അതെല്ലാം അദ്ധ്യാപക സംഘടനകളുമായി ചർച്ച ചെയ്ത് പരിഹരിക്കാൻ കഴിയും എന്ന ആത്മവിശ്വാസം ഗവൺമെന്റിനുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കഴിഞ്ഞ ഡിസംബർ മാസം 17-ാം തീയതി ലിഡാ കമ്മീഷൻ റിപ്പോർട്ട് ബഹുമാനപ്പെട്ട മന്ത്രിക്ക് സമർപ്പിച്ചതാണ്. ഈ റിപ്പോർട്ടിനകത്തും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയെക്കുറിച്ച് പറയുന്നുണ്ട്. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയെക്കുറിച്ച് കേരള സംസ്ഥാനത്ത് വ്യാപകമായ ആശങ്കകൾ നിലനിൽക്കുന്നു എന്ന് എനിക്ക് മനസ്സിലായി. ഈ ഗവൺമെന്റും ഏറെക്കുറെ അതിന് തുല്യമായി പോകുകയാണ്. എനിക്ക് ഒരു ചോദ്യം മാത്രമേ ചോദിക്കാനുള്ളൂ. ഈ ആക്ടിൽ റൂൾസ് ഒന്നും ഉണ്ടാക്കിയിട്ടില്ല. റൂൾസ് പോലും ഉണ്ടാക്കാതെ ആരുമായും സംസാരിക്കാതെ കേരളത്തിന്റെ, പൊതു സമൂഹത്തിൽ ചർച്ചയ്ക്ക് വരുന്നതിനുമുൻപ് വിദ്യാഭ്യാസ അവകാശ നിയമം നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കുന്നതിനുവേണ്ടി ഗവൺമെന്റ് മുന്നോട്ട് പോകുമോ; ഇവിടെയുണ്ടായ ചർച്ചയുടെ അടിസ്ഥാനത്തിൽ ഒരു കോൺസെൻസ് ഉണ്ടാകുന്നതുവരെ ഇത് നിർത്തിവയ്ക്കുന്നതിനുവേണ്ടി തയ്യാറാകുമോ?

ശ്രീ. എം. എ. ബേബി: സർ, ബഹുമാനപ്പെട്ട അംഗത്തിന് അറിയാം ഇതൊരു കേന്ദ്ര നിയമമാണ്. അതുമാത്രമല്ല 2010 ഏപ്രിൽ 1 മുതൽ ഇത് ഇന്ത്യയിൽ നിലവിൽ വന്ന് കഴിഞ്ഞതായി കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുകയാണ്. ഇത് ഈ സഭയിലെ എല്ലാ അംഗങ്ങളും മനസ്സിലാക്കണം. സംസ്ഥാന ഗവൺമെന്റുകളുടെ ചുമതലയെന്ന് പറയുന്നത് പാർലമെന്റ് പാസ്സാക്കിയതും പ്രസിഡന്റ് ഒപ്പിട്ടതും ഇന്ത്യയിൽ പ്രാബല്യത്തിൽ വന്ന് കഴിഞ്ഞു എന്ന് പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നതുമായ നിയമം, അഖിലേന്ത്യാ നിയമത്തിന്റെ ഘടനയ്ക്ക് ഉള്ളിൽ നിന്നുകൊണ്ട് ഓരോ സംസ്ഥാനത്തും നടപ്പാക്കുന്നതിന് ആവശ്യമായ ചട്ടങ്ങൾ ഉണ്ടാക്കി നടപ്പാക്കുകയെന്നുള്ളതാണ്. അങ്ങനെ നടപ്പാക്കുമ്പോൾ നിയമസഭയിൽ പഞ്ചായത്ത് രാജ് നിയമം നടപ്പാക്കിയതുപോലെ വേണമോ മറ്റ് വിധത്തിലാണോ വേണ്ടത് എന്നുള്ളതെല്ലാമാണ് പരിശോധിച്ചു കൊണ്ടിരിക്കുന്നത്. ഇത് കേന്ദ്ര നിയമമാണ് സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിപോലെയുള്ള ഈ നിയമത്തിന്റെ ചില അടിസ്ഥാന സ്വഭാവ വിശേഷങ്ങളെ സംബന്ധിച്ച് പരാതി ഉണ്ടാകുമ്പോൾ ആ പരാതി ആർക്കെങ്കിലും എതിരായിട്ട് തിരിച്ച് വിടാതെ, സമൂഹം മൊത്തത്തിൽ കൈകാര്യം ചെയ്യുകയും പരിഹാരമുണ്ടാക്കുകയും വേണം. അതുകൊണ്ട് വിദ്യാഭ്യാസവുമായി ബന്ധപ്പെ

ട്ടുകൊണ്ട് എന്ത് വിവാദമുണ്ടായാലും അത് രാഷ്ട്രീയ മുതലെടുപ്പിന് ഉപയോഗപ്പെടുത്താൻ പറ്റുമോ എന്ന് ചിന്തിച്ചുപോകുക സ്വാഭാവികമാണ്. മറിച്ച് വിദ്യാഭ്യാസ കാര്യമായതുകൊണ്ട് നമ്മൾ കുറെക്കൂടി പക്വതയോടും സമചിത്തതയോടുംകൂടി ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യണം എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, വിദ്യാഭ്യാസ അവകാശ നിയമത്തിലെ കാര്യങ്ങൾ കേരളം മുൻപേ സാക്ഷാത്കരിച്ചിട്ടുണ്ട് എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വ്യക്തമാക്കുകയുണ്ടായി. അത് ശരിയാണ്. സി. എച്ച്. മുഹമ്മദ് കോയ സാഹിബ് വിദ്യാഭ്യാസ മന്ത്രിയാകുന്ന സമയത്ത് സ്കൂൾ വിദ്യാഭ്യാസം സൗജന്യമാക്കി. പക്ഷേ നാം ശ്രദ്ധിക്കേണ്ടകാര്യം, നമുക്ക് ഈ നിയമം ഉപയോഗപ്പെടുത്താൻ വേറൊരു മേഖലയുണ്ട്. പ്രത്യേകിച്ചും ബഹുമാനപ്പെട്ട മന്ത്രി തന്നെ സൂചിപ്പിച്ചതുപോലെ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കും മലയോര മേഖലയിലെ കുട്ടികൾക്കുമെല്ലാം നിലവാരമില്ലാത്ത വിദ്യാഭ്യാസമാണ് ലഭിക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം അവർക്ക് ലഭിക്കുന്നില്ല. അതുകൊണ്ട് എല്ലാവർക്കും, ഒരു കുഞ്ഞ് പോലും ഒഴിഞ്ഞ് പോകാതെ, എല്ലാവരും ഈ നിയമത്തിന്റെ ആനുകൂല്യം ഉപയോഗിച്ച് ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ; അതിനുള്ള എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

ശ്രീ. എം. എ. ബേബി: സർ, ആദ്യമായി എനിക്ക് ബഹുമാനപ്പെട്ട അംഗത്തെ ഓർമ്മിപ്പിക്കാനുള്ളത്, കഴിഞ്ഞ വർഷം എഡ്യൂക്കേഷൻ ഇനിഷ്യേറ്റീവ്സ് എന്നുപറയുന്ന ഒരു സ്വതന്ത്ര വിദ്യാഭ്യാസ പഠന സംഘം ഇന്ത്യയിലെ 18 സംസ്ഥാനങ്ങളിലെ ഗവൺമെന്റ് സ്കൂളുകളിലെ പഠനനിലവാരത്തെ കുറിച്ചും എത്രമാത്രം ഫലപ്രദമായിട്ടാണ് കുട്ടികൾ പഠിക്കുന്നത് എന്നെല്ലാം പഠിച്ചപ്പോൾ കേരളം ശാസ്ത്രത്തിലും ഭാഷയിലും മറ്റെല്ലാ സംസ്ഥാനങ്ങളേയും അപേക്ഷിച്ച് വളരെ വളരെ മുൻപിലാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്. അതിൽ നമ്മളെല്ലാം അഭിമാനം കൊള്ളണം. അതുകൊണ്ട് നമ്മുടെ പഠന നിലവാരം താഴോട്ട് പോകുകയല്ല മുകളിലോട്ട് പോകുകയാണ്. നിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടി നമ്മൾ നടത്തുന്ന ശ്രമങ്ങൾ വിജയം കണ്ടുകൊണ്ടിരിക്കുന്നു എന്നാണ് അഖിലേന്ത്യാ പഠനം തെളിയിക്കുന്നത്. രണ്ടാമത്തെ ചോദ്യത്തിനുള്ള മറുപടി, ഈ ഗവൺമെന്റ് മെമ്പറുടെ നിർദ്ദേശം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

മലയാള ഭാഷയ്ക്ക് ക്ലാസിക്കൽ പദവി

2(*92) ശ്രീ. കെ. വി. കുഞ്ഞിരാമൻ:
ശ്രീമതി ജെ. അരുന്ധതി:
ശ്രീ. എം. പ്രകാശൻ മാസ്റ്റർ:
ശ്രീമതി കെ. കെ. ലതിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാള ഭാഷയ്ക്ക് ക്ലാസിക്കൽ പദവി നേടിയെടുക്കുന്നതിനായി സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-I

14-2-2011-ലെ നക്ഷത്രചിഹ്നമിട്ട 81-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക

കേരള വിദ്യാഭ്യാസ അവകാശ നിയമം 2010

ലിഡാ ജേക്കബ് കമ്മീഷന്റെ പ്രധാന ശിപാർശകൾ

1. എസ്.എം.സി. (സെക്ഷൻ 21, റൂൾ 3)

കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിൽ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ (എസ്.എം.സി.) അൺ എയ്ഡഡ് സ്കൂളുകൾ ഒഴികെയുള്ള എല്ലാ സ്കൂളുകളിലും രൂപീകരിക്കേണ്ടതാണ്. ഈ കമ്മിറ്റിക്ക് വിപുലമായ ചുമലതകളും പ്രാധാന്യവുമാണ് നൽകിയിട്ടുള്ളത്.

1. എയ്ഡഡ് വിദ്യാലയങ്ങളിലെ എസ്.എം.സി.-യിൽ അദ്ധ്യക്ഷൻ സ്കൂൾ മാനേജരാണ്.
2. 750 കുട്ടികളിൽ താഴെയുള്ള ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെ എസ്.എം.സി.-യിൽ പരമാവധി 17 അംഗങ്ങൾ.
3. 750 കുട്ടികളിൽ കൂടുതലുള്ള സ്കൂളുകളിൽ പരമാവധി 20 അംഗങ്ങൾ ആവശ്യമെങ്കിൽ വോട്ടവകാശമില്ലാത്ത ചുവടെ കൊടുത്തിരിക്കുന്ന വിഭാഗത്തിൽ നിന്നും മൂന്ന് വിദഗ്ദ്ധരെ ക്ഷണിക്കാവുന്നതാണ്.
   (i) ന്യൂട്രീഷൻ
   (ii) ശിശുമനഃശാസ്ത്രജ്ഞൻ
   (iii) നിർമ്മാണ പ്രവർത്തനങ്ങളിലെ സാങ്കേതിക വിദഗ്ദ്ധൻ

   എസ്.എം.സി. തയ്യാറാക്കുന്ന സ്കൂൾ വികസന പ്ലാൻ നടപ്പിലാക്കാനുള്ള ഫണ്ടുകൾ ഗ്രാന്റായി സംസ്ഥാന സർക്കാരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ നൽകേണ്ടതാണ്. (ആക്ടിലെ സെക്ഷൻ 22(2)

2. അയൽപക്കവിദ്യാലയം (സെക്ഷൻ 6, റൂൾ 6(1))

പുതിയ അയൽപക്കവിദ്യാലയം ആരംഭിക്കുന്നത് സംസ്ഥാന സർക്കാരിന്റെ പൂർണ്ണ ചുമതലയായിരിക്കും-സെക്ഷൻ 6, റൂൾ 6(1)

3. പ്രീ-പ്രൈമറി വിദ്യാഭ്യാസം സെക്ഷൻ 11, റൂൾ 6 (11)

എല്ലാ സ്കൂളുകളിലും ഒന്നാം ക്ലാസ്സിലെ പ്രവേശനം 6+ വയസ്സിലായിരിക്കണം. എല്ലാ ഗവൺമെന്റ്/എയ്ഡഡ് വിദ്യാലയങ്ങളിലും പ്രീ-പ്രൈമറി ക്ലാസ്സുകൾ ആരംഭിക്കണം. ഈ നിയമം പ്രാബല്യത്തിൽ വരുമ്പോൾ 4½ വയസ്സുമുതൽ 5½ വയസ്സിനു താഴെയുള്ള കുട്ടികളെ ഉൾപ്പെടുത്തി സീനിയർ, പ്രീ-പ്രൈമറി തുടങ്ങേണ്ടതും ശിശുസൗഹൃദ

LIBRARY ARCHIVES Kerala Legislative Assembly

പാഠപുസ്തകം തയ്യാറാക്കേണ്ടതും നിലവിലുള്ള അദ്ധ്യാപകരുടെ സാധ്യത കൂടി ആരംഭഘട്ടത്തിൽ പ്രയോജനപ്പെടുത്തേണ്ടതുമാണ്. തുടർന്നുള്ള വർഷത്തിൽ ഈ കുട്ടികളായിരിക്കും ഒന്നാം ക്ലാസ്സിൽ പഠിക്കുക.

1. മികവുറ്റ രീതിയിൽ പ്രവർത്തിക്കുന്ന അംഗൻവാടികളെയും പ്രീ-പ്രൈമറി സ്കൂളുകളുടേയും സംയോജിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ഇവിടെ പഠിക്കുന്ന കുട്ടികൾക്ക് ICDS-ന്റെ ആനുകൂല്യങ്ങളും ലഭ്യമാക്കണം.

2. ഒരു വർഷത്തെ PPTTI-യും രണ്ടു വർഷത്തെ PPTTI-യും യോഗ്യതയുള്ള അദ്ധ്യാപകർക്കും വിദഗ്ദ്ധ പരിശീലനം നേടിയിട്ടുള്ള അംഗൻവാടി ജീവനക്കാർക്കും ഈ സ്ഥാപനങ്ങളിൽ മുൻഗണനാക്രമത്തിൽ ഭേദപ്പെട്ട സേവന-വേതന വ്യവസ്ഥകളിലൂടെ നിയമനം നൽകണം.

4. <u>ഗുണനിലവാരമുള്ള പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തൽ (സെക്ഷൻ 7(6) (എ), റൂൾ 8(1) (ബി)</u>

കേന്ദ്രനിയമത്തിൽ അനുശാസിക്കുന്ന പ്രകാരം ദേശീയ പാഠ്യപദ്ധതിക്ക് അനുസൃതമായി സംസ്ഥാന പാഠ്യപദ്ധതി (curriculum) തയ്യാറാക്കുകയും കഴിയുന്നിടത്തോളം NCERT-യുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തയ്യാറാക്കിയിട്ടിയുള്ള പാഠപുസ്തകങ്ങൾ ഉപയോഗിക്കുകയും ചെയ്യേണ്ടതാണ്.

5. <u>സവിശേഷ കഴിവുകളുള്ള കുട്ടികളുടെ വിദ്യാഭ്യാസം (സെക്ഷൻ 3(2) റൂൾ 8(2) (എ)-(ജി)</u>

1. സവിശേഷ കഴിവുകളുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിന് കൂടുതൽ ഊന്നൽ നൽകണം.

2. അവശ്യം വേണ്ട പഠനസൗകര്യങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ട് സ്പെഷ്യൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യണം.

3. ആവശ്യമായ സ്ഥലങ്ങളിൽ വൈകല്യമുള്ള കുട്ടികൾക്ക് താമസ സൗകര്യം ഏർപ്പെടുത്തണം.

4. തൊഴിലധിഷ്ഠിത പഠനത്തിന് ആവശ്യമായ ഉയർന്ന നിലവാരമുള്ള ഉപകരണങ്ങൾ നൽകണം.

5. സ്കൂൾ തലത്തിൽ ആരോഗ്യ പരിരക്ഷ നൽകണം.

6. വിവിധതരം വൈകല്യമുള്ള കുട്ടികൾക്ക് വൈവിധ്യമാർന്ന പാഠ്യപദ്ധതിയും സിലബസും സമഗ്രമായ തുടർ മൂല്യനിർണ്ണയവും ഏർപ്പെടുത്തണം.

LIBRARY ARCHIVES Kerala Legislative Assembly

6. കൗൺസിലിംഗ് (സെക്ഷൻ 17(1), റൂൾ 9(4) (എ))

ആരോഗ്യ-സാമൂഹ്യക്ഷേമ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് വൈകാരികവും മനഃശാസ്ത്രപരവുമായ കൗൺസിലിംഗ്, ഈ മേഖലയിൽ വൈദഗ്ദ്ധ്യം നേടിയവരുടെ സഹായത്താൽ നടത്തേണ്ടതാണ്.

7. സ്കൂൾ പ്രവർത്തി ദിവസം (സെക്ഷൻ 19(1), റൂൾ 9(4) (ബി))

കേന്ദ്ര നിയമം നിഷ്കർഷിക്കുന്ന പ്രകാരം 1 മുതൽ 5 വരെ ക്ലാസ്സുകൾക്ക് 200 സാദ്ധ്യമായ ദിവസങ്ങളും 6 മുതൽ 8 വരെ ക്ലാസ്സുകൾക്ക് 220 സാദ്ധ്യായ ദിവസങ്ങളുമാണ്. ഈ നിയമം നടപ്പിലാക്കുന്നതിനുവേണ്ടി മദ്ധ്യവേനലവധി മറ്റു സംസ്ഥാനങ്ങളിലെപ്പോലെ 45 ദിവസമായി നിജപ്പെടുത്തേണ്ടതാണ്. കൂടാതെ ചില ശനിയാഴ്ചകളും പ്രവൃത്തി ദിവസമാക്കി മാറ്റേണ്ടതാണ്.

8. മാതൃഭാഷാപഠനം (സെക്ഷൻ 29 (എഫ്), റൂൾ 9(4) (സി))

അദ്ധ്യയന മാധ്യമം മലയാളം/മാതൃഭാഷയിലായിരിക്കണം. എന്നാൽ ഒന്നാം ക്ലാസ്സു മുതൽ കഥ, പാട്ട് എന്നിവയിലൂടെ ഇംഗ്ലീഷ് ഭാഷ കുട്ടികളെ പരിചയപ്പെടുത്തേണ്ടതാണ്. മറ്റു സംസ്ഥാനങ്ങളിൽ ഇപ്രകാരം നടക്കുന്നുണ്ട്. കൂടാതെ 1-ാം ക്ലാസ്സു മുതൽ 4-ാം ക്ലാസ്സുവരെ നിലവിലുള്ള ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളിൽ NCERT-യുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തയ്യാറാക്കിയിട്ടുള്ള പാഠപുസ്തകങ്ങൾ ഉപയോഗിക്കേണ്ടതുമാണ്.

9. സ്കൂൾ സമയം (റൂൾ 9(4) (ഡി) & (ഇ))

1. സ്കൂൾ പ്രവൃത്തി സമയത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പാഠ്യേതര വിഷയങ്ങൾക്ക് കൂടുതൽ സമയം ലഭ്യമാക്കേണ്ടതാണ്.

2. ഗതാഗത ബുദ്ധിമുട്ട് അനുഭവിക്കുന്ന പ്രദേശങ്ങളിൽ സമയമാറ്റത്തിലൂടെ ഒരു പരിധിവരെ പരിഹാരമുണ്ടാക്കേണ്ടതാണ്.

10. എ.ഇ.ഒ.ഓഫീസ് (റൂൾ 9(7))

കേന്ദ്രവിദ്യാഭ്യാസാവകാശ നിയമം നടപ്പിലാക്കുമ്പോൾ എ.ഇ.ഒ.-യ്ക്ക് ഭാരിച്ച ചുമതലകൾ ഏറ്റെടുക്കേണ്ടി വരുന്നതിനാൽ പ്രസ്തുത ഓഫീസിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുകയും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

11. ജനനസർട്ടിഫിക്കറ്റ് (സെക്ഷൻ 14(1), റൂൾ 10(2))

എല്ലാ കുട്ടികൾക്കും ജനനസർട്ടിഫിക്കറ്റ് നൽകുവാനുള്ള ഉത്തരവാദിത്വം അതാതു പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്.

LIBRARY ARCHIVES Kerala Legislative Assembly

12. സ്കൂൾ അംഗീകാരം (റൂൾ 15-ലെ (1) (8) (9)

1. ആക്ടിലെ സെക്ഷൻ 18(1) പ്രകാരം അംഗീകാരം ലഭിക്കാത്ത ഒരു സ്കൂളും പ്രവർത്തിക്കാൻ പാടില്ല. സെക്ഷൻ 2(n) (iv) വിഭാഗത്തിൽ ഉൾപ്പെടുന്ന അൺ-എയ്ഡഡ് സ്കൂളുകളും KER/ മറ്റ് ദേശീയ വിദ്യാഭ്യാസ സമിതികൾ അംഗീകരിച്ച സ്കൂളുകൾ (SSLC, CBSE, ICSE) KER-ലെയും വ്യവസ്ഥകൾക്കും, ആക്ടിലെ ഷെഡ്യൂൾ പ്രകാരമുള്ള വ്യവസ്ഥകൾക്കും വിധേയമായാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കി കൊണ്ടുള്ള സെൽഫ് ഡിക്ലറേഷൻ അതാത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകേണ്ടതാണ്.

2. സെക്ഷൻ 18(2) പ്രകാരവും റൂൾ 15(1)-ലെ കമ്മീഷൻ ഉൾപ്പെടുത്തിയിട്ടുള്ള അധിക നിബന്ധനകൾക്ക് വിധേയമായി (a-l)) വരെയുള്ള വ്യവസ്ഥകൾ പാലിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകേണ്ടതാണ്. അതാതു ജില്ലകളിലെ ജില്ലാതല കമ്മിറ്റി, നാളിതുവരെ അംഗീകാരം ലഭിച്ചിട്ടുള്ള അൺ-എയ്ഡഡ് സ്കൂളുകൾക്ക് RTE ആക്ട് പരിധിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകേണ്ടതാണ്.

3. 1-4-2010-നു മുമ്പ് സ്ഥാപിച്ചതും 1-4-2000 മുതൽ തുടർച്ചയായി കുട്ടികളെ 10-ാം ക്ലാസ്സിലെ ബോർഡ് എക്സാമിനേഷന് ഹാജരാക്കിയിട്ടുള്ളതും നിലവിൽ അംഗീകാരം ഉള്ള അൺ-എയ്ഡഡ് സ്കൂളുകൾക്ക് സെൽഫ് ഡിക്ലറേഷന്റെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന കൂടാതെ അംഗീകാരം നൽകാവുന്നതാണ്. എന്നാൽ നിയമത്തിലും ഷെഡ്യൂളിലുമുള്ള വ്യവസ്ഥകൾക്ക്, വിരുദ്ധമായി പ്രവർത്തിക്കുന്ന ഇപ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ള സ്കൂളിന്റെ അംഗീകാരം ഏതു സമയത്തും റദ്ദാക്കാവുന്നതാണ്.

4. അംഗീകാരം റദ്ദാക്കിയ സ്കൂളുകൾ തുടർന്ന് പ്രവർത്തിക്കുകയാണെങ്കിൽ സെക്ഷൻ 19(5) പ്രകാരം കടുത്ത ശിക്ഷാ നടപടികൾക്ക് വിധേയമാകുന്നതാണ്.

5. അംഗീകാരം റദ്ദാക്കിയതിനു ശേഷവും പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് ഒരു ലക്ഷം രൂപ പിഴയും തുടർന്നുള്ള ഓരോ ദിവസത്തേക്കും പതിനായിരം രൂപ വീതവും പിഴ ചുമത്തുന്നതിനുള്ള വ്യവസ്ഥയും ചെയ്തിട്ടുള്ളതാണ്.

6. RTE ആക്ട് പ്രകാരം അംഗീകാരം ആവശ്യപ്പെടുന്ന എല്ലാ അൺ എയ്ഡഡ് സ്കൂളിലേയും പൂർണ്ണവിവരങ്ങൾ ഫോം നമ്പർ-1 (നിലവിൽ അംഗീകാരം ലഭിച്ചിട്ടുള്ള അൺ-എയ്ഡഡ് സ്കൂളുകൾ) ഫോം നമ്പർ-3 (അംഗീകാരമില്ലാത്തതും പുതുതായി തുടങ്ങുന്നതുമായ സ്കൂളുകൾ) എന്നിവയിൽ നൽകേണ്ടതാണ്. ഇവയുടെ മാതൃക ഈ നൂൾസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പൂരിപ്പിച്ച അപേക്ഷകൾ വിദ്യാഭ്യാസ വകുപ്പിന്റെ/AEO-യുടെ വെബ്സൈറ്റിൽ പൊതു അറിവിലേക്കായി പ്രസിദ്ധീകരിക്കേണ്ടതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

7. സെക്ഷൻ 18(2) പ്രകാരവും കമ്മീഷൻ ഉൾപ്പെടുത്തിയിട്ടുള്ള റൂൾ 15-ലെ (8), (9)-ലെ അധിക നിബന്ധനകൾക്ക് വിധേയമായി വിദ്യാഭ്യാസ ഏജൻസിക്ക് പുതിയ സ്കൂൾ ആരംഭിക്കാവുന്നതാണ്.

8. എന്നാൽ ഈ റൂൾസ് അനുസരിച്ച് ആ പ്രദേശത്തെ വിദ്യാഭ്യാസ ആവശ്യകത, നിലവിലുള്ള സ്കൂളുകളുമായുള്ള ദൂരപരിധി എന്നിവയെ സംബന്ധിച്ചുള്ള തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെയും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടേയും സർട്ടിഫിക്കറ്റ് സഹിതം ഫോം നമ്പർ 3-ൽ അപേക്ഷിക്കേണ്ടതാണ്.

9. പൊതുവിദ്യാഭ്യാസ ഡയറക്ടർ/പ്രതിനിധി, ജില്ലാകളക്ടർ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ അതാത് വാർഡ് മെമ്പർ എന്നിവരടങ്ങുന്ന സമിതി സൂക്ഷ്മമായി പരിശോധിക്കേണ്ടതും പരിശോധനറിപ്പോർട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകേണ്ടതും പരിശോധനയ്ക്കുശേഷം അർഹതപ്പെട്ടവ അംഗീകാരത്തിനുവേണ്ടി സംസ്ഥാന സർക്കാരിന് നൽകേണ്ടതുമാണ്.

13. അദ്ധ്യാപകരുടെ യോഗ്യത (സെക്ഷൻ 23(1), റൂൾ 17)

എൻ.സി.ടി.ഇ. (NCTE)-യുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസരിച്ചായിരിക്കും ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (TET) നടത്തേണ്ടത്. ഭാഷാ അദ്ധ്യാപകരുടേയും, കല-കായികം-പ്രവൃത്തിപരിചയ വിഭാഗങ്ങളിലുള്ള അദ്ധ്യാപകരുടേയും മിനിമം യോഗ്യത ഡി.പി.ഐ. നിശ്ചയിക്കുന്ന വ്യവസ്ഥകൾക്ക് അനുസരിച്ച് തുടരേണ്ടതാണ്. പാർട്ട്ടൈം ഇൻസ്ട്രക്ടർമാർ, 6 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ കല-കായിക-പ്രവൃത്തിപരിചയ വിഷയങ്ങൾ പരിശീലിപ്പിക്കേണ്ടതാണ്. വ്യക്തിത്വ വികാസത്തിൽ പ്രസ്തുത വിഷയങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് ടൈം ടേബിൾ തയ്യാറാക്കുകയും പഠന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്. ആയതിനാൽ മേൽ വിഷയങ്ങൾക്ക് അനുവദിച്ചിട്ടുള്ള പിരീഡുകൾ, ഭാഷകൾ ഉൾപ്പെടെയുള്ള മറ്റു വിഷയങ്ങൾക്കായി മാറ്റിവയ്ക്കാൻ പാടുള്ളതല്ല. (സെക്ഷൻ 19, 29(ഡി), റൂൾ 17(2)

പ്രഥമ അദ്ധ്യാപകൻ/മറ്റ് അദ്ധ്യാപകൻ നിർവ്വഹിക്കേണ്ട ചുമതലകൾ

ആക്റ്റിലെ 24, 27, 28, 29 സെക്ഷൻ പ്രകാരം അദ്ധ്യാപകൻ നിർവ്വഹിക്കേണ്ട ചുമതലകളും പാലിക്കേണ്ട പെരുമാറ്റചട്ടങ്ങളും വിശദമാക്കുന്നുണ്ട്. അവയിൽ ചിലത് :

1. കൃത്യനിഷ്ഠയും സമയനിഷ്ഠയും പാലിക്കണം (സെക്ഷൻ 24)

2. കുട്ടികളുടെ ഹാജർ നിലവാരം, പഠന പുരോഗതി, പഠനശേഷി മറ്റനുബന്ധ പ്രവർത്തനങ്ങൾ എന്നിവയെ സംബന്ധിച്ച് രക്ഷകർത്താക്കളെ ബോദ്ധ്യപ്പെടുത്തുന്നതിന് രക്ഷാകർത്തൃസമിതി നിരന്തരം കൂടേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

3. ജനസംഖ്യാ കണക്കെടുപ്പ്, ദുരിതാശ്വാസപ്രവർത്തനങ്ങൾ, തെരഞ്ഞെടുപ്പ് എന്നിവ ഒഴികെയുള്ള അദ്ധ്യാപനേതര പ്രവർത്തനങ്ങളിൽ അദ്ധ്യാപകരെ ചുമതലപ്പെടുത്തുവാൻ പാടുള്ളതല്ല. (സെക്ഷൻ 27)

4. ആക്റ്റിലെ ഷെഡ്യൂൾ പ്രകാരമുള്ള Instructional hours പൂർണ്ണമായും കുട്ടികൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടി അദ്ധ്യാപകരെ other duty-ക്ക് നിയോഗിക്കുന്നത് പ്രധാന അദ്ധ്യാപകൻ ക്ലിപ്തപ്പെടുത്തേണ്ടതാണ്. (സെക്ഷൻ 19, റൂൾ 21 (2) (ii)

5. അദ്ധ്യാപകൻ സ്വകാര്യ ട്യൂഷൻ എടുക്കാൻ പാടുള്ളതല്ല. (സെക്ഷൻ 28)

6. ഭരണഘടന വിവക്ഷിക്കുന്ന മൂല്യങ്ങൾ പൂർണ്ണ അർത്ഥത്തിൽ ഉൾപ്പെടുത്തി കുട്ടിയുടെ ബഹുമുഖമായ വികാസം ഉറപ്പു വരുത്തേണ്ടതാണ്.

7. കുട്ടിയുടെ അറിവും, ശേഷിയും, അഭിരുചിയും പരിപോഷിപ്പിക്കേണ്ടതാണ്.

8. കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ ശേഷികൾ പൂർണ്ണതോതിൽ വികസിപ്പിക്കേണ്ടതാണ്.

9. ശിശുകേന്ദ്രീകൃതവും സൗഹൃദപൂർണ്ണവുമായ പഠനാന്തരീക്ഷം ഉറപ്പുവരുത്തി കുട്ടികളുടെ പഠന പ്രവർത്തനങ്ങൾ നിരീക്ഷണ-പരീക്ഷണങ്ങളിലൂടെ ചിട്ടപ്പെടുത്തേണ്ടതാണ്.

10. പഠനപ്രവർത്തനങ്ങൾ കഴിയുന്നിടത്തോളം മാതൃഭാഷയിലൂടെ ആയിരിക്കണം.

11. ഭീതിയോ, ഭയമോ, പരിഭ്രമമോ കൂടാതെ സ്വതന്ത്രമായി ആശയ വിനിമയം നടത്തുവാനുള്ള കുട്ടിയുടെ കഴിവ് പരിപോഷിപ്പിക്കേണ്ടതാണ്.

12. സമഗ്രവും നിരന്തരവുമായ മൂല്യനിർണ്ണയ ഉപാധികളിലൂടെ കുട്ടികളുടെ അറിവും വിജ്ഞാനവും കഴിവും നിർണ്ണയിക്കേണ്ടതാണ്.

13. കൂടാതെ സെക്ഷൻ 24 (3) പ്രകാരം അദ്ധ്യാപകർക്ക് പ്രശ്ന പരിഹാരത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി സ്കൂൾ തലത്തിൽ പ്രഥമ അദ്ധ്യാപകന്റെ ആഭിമുഖ്യത്തിൽ സൗകര്യം ഏർപ്പെടുത്തേണ്ടതുമാണ്.

14. സെക്ഷൻ 25 പ്രകാരമുള്ള പിറ്റിഅർ. സർക്കാരിന്റെ വിജ്ഞാപന പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ, അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള എല്ലാ സ്കൂളുകളിലും നടപ്പിലാക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

15. തൻമൂലമുണ്ടാകുന്ന അധിക അദ്ധ്യാപകരെ നീതിയുക്തമായി പുനഃവിന്യസിക്കേണ്ടതും നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് ഗവൺമെന്റ് സ്കൂളുകളിൽ പരമാവധി നിയമനം ലഭിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്. (റൂൾ 23(1).

16. ഒരു അദ്ധ്യയനവർഷത്തിൽ കുറവുള്ള അദ്ധ്യാപക ഒഴിവുകളിലേക്ക് എസ്.എം.സി. മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനം തയ്യാറാക്കിയിട്ടുള്ള പാനലിൽ നിന്നും അദ്ധ്യാപകരെ നിയമിക്കേണ്ടതാണ്.

കേന്ദ്ര വിദ്യാഭ്യാസനിയമ പ്രകാരം നിരോധിച്ചിരിക്കുന്ന വ്യവസ്ഥകൾ (സെക്ഷൻ 13, 16 & 17)

1. രക്ഷകർത്താക്കളിൽ നിന്നും സംഭാവന, ക്യാപിറ്റേഷൻ ഫീ എന്നിവ സ്വീകരിക്കാൻ പാടില്ല.

2. രക്ഷകർത്താക്കളെ/കുട്ടികളെ സ്ക്രീനിംഗ് ടെസ്റ്റിന് വിധേയരാക്കാൻ പാടില്ല.

3. കുട്ടികളെ തോൽപ്പിക്കുക, ശാരീരികമായി ശിക്ഷിക്കുക, മാനസികമായി പീഡിപ്പിക്കുക എന്നിവ പാടില്ല.

4. മേൽ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയാണെങ്കിൽ ശിക്ഷാ നടപടികൾക്ക് വിധേയരാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly